# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 80**
**2015 July**

**സമർപ്പിത വർഷം**

80 Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

➲ സർക്കുലറുകൾ
➲ കൂരിയ വാർത്തകൾ
➲ തൂവാനീസാ പ്രോഗ്രാം
➲ ചൈതന്യ- പ്രോഗ്രാം
➲ ബൈബിൾ കമ്മീഷൻ
➲ വൊക്കേഷൻ കമ്മീഷൻ
➲ ചെറുപുഷ്പ മിഷൻലീഗ്
➲ വിശ്വാസപരിശീലന കമ്മീഷൻ
➲ ലിറ്റർജി കമ്മീഷൻ
➲ ഫാമിലി കമ്മീഷൻ
➲ തിരുബാലസഖ്യം
➲ സെന്റ് വിൻസന്റ്. ഡി പോൾ
➲ കെ. സി. എസ്. എൽ.
➲ ലീജിയൻ ഓഫ് മേരി
➲ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
➲ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
➲ അഭി. പിതാക്കന്മാരുടെ ഡയറി
➲ **Engagements**
Mar Mathew Moolakkatt
Mar Joseph Pandarasseril
➲ വചനദർശനം
➲ വാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Prot. No. 1100/2015

## സഭാദിനം - ഇടയലേഖനം

## സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

**'കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉ ാ യി രി ക്ക ട്ടെ'!**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തോമാശ്ലീഹാ ചോദിച്ചു:

"കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയ ല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല." ( യോഹ 14: 5-6). ഈശോ ശിഷ്യന്മാരെ വിട്ടു പിതാവിന്റെ പക്കലേയ്ക്ക് പോകുകയാണെന്നും അവിടെ ച്ചെന്നു ശിഷ്യന്മാർക്ക് സ്ഥലമൊരുക്കിയശേഷം വീണ്ടും വന്ന് അവരെയും കൂട്ടിക്കൊണ്ട് പോകുമെന്നും താൻ പോകുന്നിടത്തേയ്ക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമല്ലോ എന്നും പറഞ്ഞ പശ്ചാത്തലത്തിലാണ് തോമാശ്ലീഹായുടെ ചോദ്യവും ഈശോയുടെ മറുപടിയും.

തോമാശ്ലീഹായുടെ ശുദ്ധഗതിയിലുള്ള ചോദ്യത്തിനുത്തരമായി ട്ടാണ് ഈശോ തന്നെക്കുറിച്ചുതന്നെയുള്ള സുവിശേഷത്തിലെ ഏറ്റം മനോഹരമായ ഈ വെളിപ്പെടുത്തൽ നടത്തിയത്. പിതാവായ ദൈവത്തിന്റെ പക്കലേയ്ക്ക് മക്കൾക്കുള്ള വഴി മിശിഹായാണ്. ഈ വഴിയിലാണ് മനുഷ്യമക്കൾ സത്യം കണ്ടെത്തുന്നതും ജീവൻ പ്രാപിക്കുന്നതും. ഈശോ സ്വർഗസ്ഥനായ പിതാവിൽ നിന്ന് വന്നവനാണ്. അവിടുത്തെ മനുഷ്യജന്മം മനുഷ്യർക്കു ജന്മസാഫല്യം നല്കാൻ വേണ്ടിയുള്ളതായിരുന്നു. മിശിഹായാകുന്ന വഴിയിലാണ് നാം നമ്മുടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തേണ്ടത്. ഈശോ പിതാവിന്റെ പക്കലേയ്ക്ക് പോകുന്ന വഴി ഏതാണെന്നാണ് തോമാശ്ലീഹാ ചോദിച്ചത്. ഈശോയാണ് വഴിയെങ്കിൽ അവിടുത്തെ ജീവിതം തന്നെയാണ് നമുക്കും വഴിയായിത്തീരുന്നത്.

**വഴി തേടിയവൻ**

സ്വർഗത്തിലേയ്ക്കുള്ള വഴി തേടിയവനാണ് തോമാശ്ലീഹാ. മറ്റാരാരോടുമല്ല തേടിയത്, തന്റെ ഗുരുവും നാഥനുമായ മിശിഹായോടു തന്നെ. വഴിയായവനോടു തന്നെ വഴി തേടിയവൻ. ക്രൈസ്തവനു ജീവിതപാത ക്രിസ്തുതന്നെയാണ്. മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി ജനിക്കുക, ക്രിസ്തുവിനെപ്പോലെ ജീവിക്കുക, സഹിക്കുക, മരിക്കുക, ഉയിർക്കുക - ഇതാണ് ക്രൈസ്തവന്റെ ജീവിത പാത. ഈ ജീവിത ശൈലിയെ ക്രിസ്തുമാർഗം എന്ന് ആദിമ ക്രൈസ്തവർ വിശേഷിപ്പിച്ചതായി അപ്പസ്തോലന്മാരുടെ ഗ്രന്ഥത്തിൽ നാം കാണുന്നു. (അപ്പ. 9:2). തോമാശ്ലീഹാ പഠിപ്പിച്ച ഈ മാർഗത്തെ ഭാരതത്തിലെ ആദിമ ക്രൈസ്തവർ തോമ്മാമാർഗം എന്ന് വിശേഷിപ്പിച്ചു. ഈ തോമ്മാമാർഗം സ്വീകരിച്ചവരാണ് നമ്മുടെ പൂർവ്വികരായ മാർത്തോമാക്രിസ്ത്യാനികൾ.

**വഴിയേ നടന്നവൻ**

മിശിഹായാണ് വഴിയെന്ന് തിരിച്ചറിഞ്ഞ തോമാശ്ലീഹാ ആ വഴിയേ നടന്നു. മിശിഹാനുഭവം തന്റെ അനുഭവമായി സ്വീകരിച്ചു. എനിക്ക് ജീവിതം ക്രിസ്തുവാണെന്ന് വി. പൗലോസ് ശ്ലീഹായും പറയുന്നുണ്ടല്ലോ. (ഫിലി. 1 : 21). ഈശോ ശിഷ്യന്മാരെ ഗലീലിയിലെ ശുശ്രൂഷയ്ക്കായി അയയ്ക്കുമ്പോൾ അവർക്കുണ്ടാകാവുന്ന പീഡകളെക്കുറിച്ച് പറയുന്നുണ്ട്. ശിഷ്യന്മാരുടെ പീഡകൾ ഗുരുവിന്റെ പീഡകൾക്ക് സമാനമാണെന്നും അവിടുന്ന് പറഞ്ഞു. “ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആയാൽ മതി.” (മത്താ 10: 24 - 25.). ഈശോ യൂദയായിൽ ലാസറിന്റെ ഗ്രാമമായ ബഥാനിയായിലേയ്ക്കു പോകാൻ ആഗ്രഹിച്ചപ്പോൾ ശിഷ്യന്മാർ തടസപ്പെടുത്തിക്കൊണ്ട് പറഞ്ഞു, യഹൂദർ അവിടുത്തെ കല്ലെറിയാൻ കാത്തിരിക്കുകയാണ് എന്ന്. അപ്പോൾ തോമാശ്ലീഹാ സഹശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ശിഷ്യത്വത്തിന്റെ ആഴം വ്യക്തമാക്കുന്നവയാണ്. തോമസ് പറഞ്ഞു, അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം. (യോഹ 11: 16). താൻ പ്രസംഗിച്ച ക്രിസ്തുമാർഗം മനസ്സിലാക്കാത്ത എതിരാളികൾ മൈലാപ്പൂരിലെ ചിന്നമലയിൽ തന്നെ കുന്തത്താൽ കുത്തി മരണപ്പെടുത്തിയപ്പോൾ തോമാശ്ലീഹായുടെ ആ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടു. ചിന്നമല തോമാശ്ലീഹായ്ക്കു കാൽവരിയായി. മിശിഹായോടൊപ്പം തോമസും മരിച്ചു. അതായിരുന്നു തോമാശ്ലീഹായുടെ ജീവിതപാതയിൽ മിശിഹാ അനുഭവത്തിന്റെ പൂർത്തീകരണം. അപ്പോഴും ശ്ലീഹാ ഉദീരണം

ചെയ്തിട്ടുണ്ടാവണം. എന്റെ കർത്താവേ, എന്റെ ദൈവമേ! എന്ന്. ഉയിർത്തെഴുന്നേറ്റ മിശിഹായെ ദർശിച്ചപ്പോൾ തോമാശ്ലീഹാ പറഞ്ഞ ഈ വാക്കുകളാണ് സുവിശേഷത്തിൽ നാം കാണുന്ന ഏററവും പ്രധാനപ്പെട്ട വിശ്വാസപ്രഖ്യാപനമെന്ന് 'നസ്രത്തിലെ ഈശോ' എന്ന ഗ്രന്ഥത്തിൽ ബനഡിക്ററ് പതിനാറാമൻ മാർപാപ്പ പറയുന്നു.

**വഴിയേ നടക്കേണ്ടവർ**

ക്രിസ്തുമാർഗം സ്വീകരിച്ചവർ ക്രിസ്തുപാതയിൽ നടക്കണം. നമുക്ക് മാർഗഭ്രംശം സംഭവിക്കുമ്പോൾ നമ്മുടെ വിശ്വാസ്യതയ്ക്കു നഷ്ടം സംഭവിക്കുന്നു. മദ്യപാനം, ധൂർത്ത്, ആഡംബരഭ്രമം മുതലായ തിന്മകൾ ക്രൈസ്തവരുടെ ഇടയിൽ നിലനില്ക്കുന്നുവെന്ന വിമർശനം കേൾക്കാറുണ്ട്. വിമർശനങ്ങളെ അസഹിഷ്ണുതയോടെ കണ്ടിട്ടു കാര്യമില്ല. ക്രിസ്തുവിൽ വിശ്വസിച്ചു ജീവിതം നയിക്കുന്നവരിൽ നിന്ന് അവിടുത്തെ ജീവിതശൈലിക്ക് യോജിച്ച ഒരു ജീവിതം മററുള്ളവർ പ്രതീക്ഷിക്കുന്നു. ക്രൈസ്തവരും ക്രൈസ്തവ സഭകളും വിമർശിക്കപ്പെടുന്നതിന്റെ കാരണവും പലപ്പോഴും അതുതന്നെയാണ്. ശത്രുവിനെ വരെ സ്നേഹിക്കണമെന്ന് പഠിപ്പിക്കുകയും ആ സ്നേഹം സ്വന്തം ജീവിതം വഴി സാക്ഷ്യപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതപാത എത്രയോ ഉന്നതമാണ്. അത്രയ്ക്ക് ഉന്നതമായ ഒരു ജീവിതശൈലി ക്രൈസ്തവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ക്രൈസ്തവരുടെയിടയിലെ തിന്മകളുടെ പേരിൽ ക്രൈസ്തവർ വ്യക്തികളായും സമൂഹങ്ങളായും ചെയ്യുന്ന അനേകം നന്മകൾ വിസ്മരിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷവും ഇന്നുണ്ട്. ഭാരതത്തിലെ വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരംഗത്തും ക്രൈസ്തവർ നല്കിയ സംഭാവനകൾ ആർക്കുനിഷേധിക്കാൻ കഴിയും? കാരുണ്യപ്രവർത്തനങ്ങളിലും ക്രൈസ്തവ സഭകൾ മുൻപന്തിയിലാണല്ലോ. ക്രൈസ്തവരുടെ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൂടിയല്ലേ മററനേകം സമൂഹങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ഈ രംഗത്ത് വലിയ സംഭാവനകൾ നല്കി പ്രവർത്തിക്കുന്നത്. ഭിന്നശേഷിയുള്ളവർക്കുവേണ്ടി യുള്ള ക്ഷേമപ്രവർത്തനങ്ങളിലും ക്രൈസ്തവർ ഏറെ വ്യാപൃത രാണ്. ഇത്തരം നന്മ പ്രവൃത്തികളോടൊപ്പം നമ്മുടെ ഇടയിൽ വ്യാപിക്കുന്ന തിന്മകളെ ദൂരീകരിച്ചുകൊണ്ട് നമ്മുടെ ജീവിതസാക്ഷ്യത്തെ ക്രിസ്തു സദൃശമാക്കാൻ നമുക്കു പരിശ്രമിക്കാം.

വൈദികരും സമർപ്പിതരും അല്മായരും ഒത്തൊരുമിച്ച് സഭാനവീകരണത്തിനായി ശ്രമിക്കേണ്ടിയിരിക്കുന്നു. സമർപ്പിതവർഷാചരണവും കുടുംബത്തെക്കുറിച്ചുള്ള സിനഡുകളും തന്നെ സഭയുടെ പൊതുവായ നവീ

കരണത്തെ ലക്ഷ്യം വച്ചുള്ളതാണല്ലോ. കത്തോലിക്കാ കോൺഗ്രസ്സ്, യൂത്ത് മൂവ്മെന്റ്, മാതൃവേദി മുതലായ അത്മായ പ്രസ്ഥാനങ്ങളുടെ നവോത്ഥാനത്തിലൂടെയും സഭാനവീകരണം കാര്യക്ഷമമായി നടക്കുമെന്ന് പ്രതീക്ഷിക്കാം.

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വം അനുസ്മരിക്കുന്ന ഈ ദുക്റാനാത്തിരുനാളിൽ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച എല്ലാക്രൈസ്തവരെയും, വിശിഷ്യ ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളിൽ അടുത്തകാലത്ത് കൊലചെയ്യപ്പെട്ടവരെയും, ഭാരതത്തിലെ സി. റാണി മരിയായെപ്പോലുള്ളവരെയും അനുസ്മരിച്ച് വിശ്വാസത്തിൽ നമുക്ക് ആഴപ്പെടാം.

വിവിധ മതവിശ്വാസികൾ വസിക്കുന്ന നാടാണ് നമ്മുടെ ഭാരതം. എല്ലാ മതങ്ങളിലെയും നന്മകളെ അംഗീകരിക്കാനും ആദരിക്കാനും അങ്ങനെ പരസ്പര ബഹുമാനത്തോടെ ജീവിക്കാനും നമുക്കു സാധിക്കണം. മാർഗവും സത്യവും ജീവനുമായ മിശിഹായെ പ്രഘോഷണം ചെയ്യുന്ന തിരുസ്സഭ ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരസ്ക്കരിക്കുന്നില്ല. "മറ്റുമതങ്ങളിലെ പ്രവർത്തനരീതികളും, ജീവിതമുറകളും, പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടു കൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന 'ആ സത്യ'ത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്." (അക്രൈസ്തവമതങ്ങൾ നമ്പർ 2)

നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം ജൂലൈ 3-ന് സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനം ആഘോഷിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

പ്രവാസികളായ സീറോ മലബാർ കത്തോലിക്കർക്ക് ഇനിയും പല സ്ഥലങ്ങളിലും അർഹമായ സഭാസംവിധാനങ്ങളോ, സ്വന്തം സഭാപാരമ്പര്യങ്ങൾക്കനുസൃതമായ അജപാലനശുശ്രൂഷയ്ക്കുള്ള

ക്രമീകരണങ്ങൾ പോലുമോ ലഭ്യമായിട്ടില്ല. പരി. സിംഹാസനം അത്തരം സംവിധാനങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിത്തരാൻ തയ്യാറാണെങ്കിലും തടസ്സങ്ങൾ ഏറെയുണ്ട്. അവ തരണം ചെയ്യാനുള്ള ശ്രമങ്ങൾ നീണ്ടു പോകുന്നതുകൊണ്ട് നമ്മുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇന്ത്യയിലെ 29 സീറോ മലബാർ രൂപതകൾക്കുപുറത്ത് പ്രവാസികളായി കഴിയുന്ന സീറോ മലബാർ വിശ്വാസികൾ തങ്ങൾക്ക് സ്വന്തമായി സഭാസംവിധാനങ്ങൾ ലഭിക്കുന്നതിനുവേണ്ടി ജൂലൈ 2 -ാം തീയതി ഉപവാസപ്രാർത്ഥനാദിനം ആചരിക്കുകയാണ്. സഭാമക്കൾ എല്ലാവരും ഈ പ്രാത്ഥനായജ്ഞത്തിൽ അവരോട് പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് മെയ് മാസം 23-ാം തീയതി നൽകപ്പെട്ടത്.

---

NB: 1) ഈ ഇടയലേഖനം 2015 ജൂലൈ 3-ാം തീയതിക്ക് മുൻപത്തെ ഞായറാഴ്ച (ജൂൺ 28-നു) കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

2) സീറോ മലബാർ സഭാദിനമായ ജൂലൈ 3-ാം തീയതി സിനഡ് തീരുമാന പ്രകാരം ഓരോ വിശ്വാസിയും 2 രൂപ എന്ന നിരക്കിൽ പള്ളികളിൽ സ്തോത്രകാഴ്ച സ്വീകരിക്കുകയും ആയത് സീറോ മലബാർ സഭയുടെ ഉദ്യമങ്ങൾക്കുവേണ്ടി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്,**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത.

Circular No.171
Meeting of the Newly Constituted Pastoral Council

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 01-07-2015

പ്രിയ ബഹു. അച്ചാ, സിസ്റ്റർ, സുഹൃത്തേ,

സീറോ മലബാർ സഭയുടെ പള്ളിയോഗ നടപടിക്രമവും കോട്ടയം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ നിയമാവലിയും അനുസരിച്ച് പുനഃസംഘടിപ്പിക്കപ്പെട്ട പാസ്റ്ററൽ കൗൺസിലിലെ അംഗങ്ങളെ ഇതിനാൽ അംഗീകരിക്കുന്നു. പുതുതായി രൂപംകൊണ്ട പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം 2015 ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും ക്ഷണിക്കുന്നു.

**എക്സ് ഒഫീഷ്യോ അംഗങ്ങൾ:**

പ്രോട്ടോസിഞ്ചെല്ലൂസ്
പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്
സിഞ്ചെല്ലൂസ് (മലങ്കര)
ചാൻസലർ
അതിരൂപതാ പ്രൊക്കുറേറ്റർ
അഡീഷണൽ ചാൻസലർ
ഫൊറോനാ വികാരിമാർ
സെക്രട്ടറി - പ്രസ്ബിറ്ററൽ കൗൺസിൽ
ഡയറക്ടർ - ചൈതന്യ പാസ്റ്ററൽ സെന്റർ
ഡയറക്ടർ - ബറുമറിയം പാസ്റ്ററൽ സെന്റർ
റെക്ടർ - അതിരൂപതാ മൈനർ സെമിനാരി
സുപ്പീരിയർ - തിരുഹൃദയ ദാസ സമൂഹം
ഡയറക്ടർ - മിഷനറി സൊസൈറ്റി ഓഫ് സെന്റ് പയസ് ടെൻത്
സുപ്പീരിയർ - വല്ലംബ്രോസൻ സമൂഹം
പ്രതിനിധി - പ്രസ്ബിറ്ററൽ കൗൺസിൽ
മദർ ജനറാൾ - വിസിറ്റേഷൻ കോൺഗ്രിഗേഷൻ
മദർ ജനറാൾ - സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ
സുപ്പീരിയർ - കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്
സുപ്പീരിയർ - L.D.S.J.G. കോൺഗ്രിഗേഷൻ

സെക്രട്ടറി - എജ്യുക്കേഷൻ ഏജൻസി ഓഫ് സ്കൂൾസ്
പ്രിൻസിപ്പൽ - ബി.സി.എം. കോളേജ്, കോട്ടയം
പ്രിൻസിപ്പൽ - സെന്റ് സ്റ്റീഫൻസ് കോളേജ്, ഉഴവൂർ
പ്രിൻസിപ്പൽ - സെന്റ് പയസ് ടെൻത് കോളേജ്, രാജപുരം
പ്രിൻസിപ്പൽ - പി.കെ.എം. കോളേജ്, മടമ്പം
ഡയറക്ടർ - കാരിത്താസ് ആശുപത്രി
ഡയറക്ടർ - കാരിത്താസ് ആയുർവേദ ആശുപത്രി
ചീഫ് എഡിറ്റർ - അപ്നാദേശ്
ഡയറക്ടർ - തുവാനീസാ, കോതനല്ലൂർ
പ്രസിഡന്റ് - ക്നാനായ കാത്തലിക്ക് കോൺഗ്രസ്
പ്രസിഡന്റ് - ക്നാനായ കാത്തലിക്ക് വിമൻസ് അസോസിയേഷൻ
പ്രസിഡന്റ് - ക്നാനായ കാത്തലിക്ക് യൂത്ത് ലീഗ്
പ്രസിഡന്റ് - കെ.സി.വൈ.എൽ. മലബാർ റീജിയൺ
പ്രസിഡന്റ് - ലീജിയൻ ഓഫ് മേരി
പ്രസിഡന്റ് - ഫ്രാൻസിസക്കൻ അസോസിയേഷൻ
പ്രസിഡന്റ് - സെന്റ് വിൻസെന്റ് ഡി പോൾ
പ്രീസ്റ്റ് ഇൻ-ചാർജ് - ഡയാസ്പറാ മിനിസ്ട്രി

**ഫൊറോനാ പ്രതിനിധികൾ**

***ഇടയ്ക്കാട്ട്***

അഡ്വ. ജേക്കബ് അബ്രാഹം വടക്കേപറമ്പിൽ (വെളിയനാട്)
ജോസ്മോൻ പി.എൽ. പുഴക്കരോട്ട് (മള്ളൂശ്ശേരി)
അന്നമ്മ ചാക്കോ കാലായിൽ (വാകത്താനം)
മേഴ്സി ജോൺ വെട്ടുകുഴിയിൽ (സംക്രാന്തി)

***കടുത്തുരുത്തി***

ബിജു കെ. സ്റ്റീഫൻ കുഴീക്കാട്ടിൽ (വെള്ളൂർ)
സാബു അബ്രാഹം മുണ്ടകപ്പറമ്പിൽ (കടുത്തുരുത്തി)
അൽഫോൻസാ ചെറിയാൻ കുരീകോട്ടിൽ (ഞീഴൂർ)
ലൂസി സണ്ണി കിഴക്കനടിയിൽ (പിറവം)

***ഉഴവൂർ***

എൻ.എം. കുര്യൻ നെല്ലാമറ്റത്തിൽ (അരീക്കര)
ന്യൂജന്റ് ജോസഫ് പാറയ്ക്കൽ (മോനിപ്പള്ളി)
ജോളി അബ്രാഹം പുളിവേലിൽ (ഇടക്കോലി)
ഷൈനി സ്റ്റീഫൻ തെക്കേഇലവുങ്കൽ (ഉഴവൂർ)

*കൈപ്പുഴ*

ജോയി കുര്യൻ കുഴിയംപറമ്പിൽ (കുറുമുള്ളൂർ)
ജിജോ ലൂക്കോസ് കീരിമുകളേൽ (നീണ്ടൂർ)
റോസിലി അബ്രാഹം വരാപ്പുഴ (ഏറ്റുമാനൂർ)
സിനി ബിജു വായിപ്പറമ്പിൽ (വെച്ചൂർ)

*കിടങ്ങൂർ*

സ്റ്റീഫൻ അബ്രാഹം ഒടിമുഴങ്ങയിൽ (കട്ടച്ചിറ)
ബാബു ചാരാത്ത് (പുന്നത്തുറ)
ത്രേസ്യാമ്മ തോമസ് ചേത്തലിൽ (കൂടല്ലൂർ)
ആലീസ് മത്തായി കുരീക്കാട്ടിൽ (കിടങ്ങൂർ)

*ചുങ്കം*

മാത്യു ജോസഫ് തോട്ടുങ്കൽ (ചുങ്കം)
ജോൺ തെരുവത്ത് (പറമ്പഞ്ചേരി)
ലൂസി തൂക്കുംകോട്ടിൽ (മുട്ടം)
ജയ്മോൾ മാത്യു വെള്ളാമറ്റത്തിൽ (ചുങ്കം)

*പടമുഖം*

ജോസ് മുളൻചിറയിൽ (തെള്ളിത്തോട്)
ജോണി തോട്ടത്തിൽ (പടമുഖം)
മിനി തോമസ് പെല്ലത്താൽ (ബൈസൺവാലി)
ലിസി എം.കെ. വേങ്ങച്ചേരിൽ (പടമുഖം)

*മലങ്കര*

തോമസ് തോമസ് അറക്കത്തറ (ചിങ്ങവനം)
സാൽവി അബ്രാഹം വടക്കേടത്ത് (കുറ്റൂർ)
റ്റെസി ബിനു കല്ലേലിമണ്ണിൽ (റാന്നി)
ഷൈനി റെനി കൂട്ടോത്തറ (പുനലൂർ)

*രാജപുരം*

എ.റ്റി. ഫിലിപ്പ് ആണ്ടുമാലിൽ (ചുള്ളിക്കര)
ഷാജി ചാരാത്ത് (രാജപുരം)
പെണ്ണമ്മ ജയിംസ് വലിയപറമ്പിൽ (കൊട്ടോടി)
ശാന്തമ്മ ഷാജി പരിയത്തുപടവിൽ (മാലക്കല്ല്)

*മടമ്പം*

എൻ.സി. തോമസ് നെല്ലിക്കാകണ്ടത്തിൽ (മടമ്പം)
കെ.യു. സ്റ്റീഫൻ കപ്പുകാലായിൽ (പയ്യാവൂർ)

റ്റെസ്സി ജോയി മുപ്രാപ്പള്ളിൽ (തിരൂർ)
കുഞ്ഞുമോൾ ബാബു പുതുച്ചിറ (മഞ്ഞക്കാട്)

***പെരിക്കല്ലൂർ***

ജയിംസ് കെ.പി. കന്നുവെട്ടിയേൽ (പുതുശ്ശേരി)
കെ.സി. ചാണ്ടി കൊട്ടുകര (കോട്ടത്തറ)
ബിനു ഷാജി പുതുപ്പറമ്പിൽ (തേറ്റമല)
മേഴ്സി ബെന്നി പാറടിയിൽ (പെരിക്കല്ലൂർ)

***ചങ്ങലേരി***

തങ്കച്ചൻ റ്റി.റ്റി. തേക്കിലക്കാട്ടിൽ (അട്ടപ്പാടി)
പി.കെ. തോമസ് പെരിങ്ങേലിൽ (ചുള്ളിയോട്)
വി.പി. മേരി പടവത്തിൽ (ചങ്ങലേരി)
മിനി ബന്നി നൂറ്റാനിക്കുന്നേൽ (മംഗലംഡാം)

**നോമിനേറ്റഡ് അംഗങ്ങൾ**

ചൈതന്യ കമ്മീഷൻ ചെയർമാന്മാർ
മോൺ. മാത്യു ഇളപ്പാനിക്കൽ (മള്ളുശ്ശേരി)
ഷെവ. ജോയി ജോസഫ് കൊടിയന്ത്ര (ഇടയ്ക്കാട്ട്)
ജസ്റ്റീസ് സിറിയക് ജോസഫ് കിഴക്കേക്കാട്ടിൽ (കൈപ്പുഴ)
തോമസ് ചാഴികാടൻ എക്സ്.എം.എൽ.എ. (എസ്.എച്ച്. മൗണ്ട്)
എ.ജെ. ചാക്കോ എടനാട്ടുകാല (കത്തീഡ്രൽ)
അഡ്വ. ജോസ് ഫിലിപ്പ് ചെങ്ങളവൻ (ഇടയ്ക്കാട്ട്)
എം.എൽ.ജോർജ് മറ്റത്തിക്കുന്നേൽ (കല്ലറ)
അജി കോയിക്കൽ (കാരിത്താസ്)
ഡോ. സാജൻ ചാഴികാട്ട് (ചുങ്കം)
പ്രൊഫ. റ്റി.എം. ജോസഫ് തെക്കൻപെരുമാലിൽ (അമനകര)
രാജു ഓരിൽ (തെങ്ങേലി)
കെ.പി. തോമസ് കാവാട്ടുചിറയിൽ (നെല്ലിയാടി)
ജോണി വെട്ടത്തുകണ്ടത്തിൽ (മോനിപ്പള്ളി)
ബിജി ജയിംസ് കിഴക്കേതിൽ (തിരുവനന്തപുരം)

സ്നേഹപൂർവ്വം,

**✠മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

# കേരളത്തിലെ റെഗുലർ ഇംഗ്ലീഷ്-മലയാളം വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ ക്രമീകരിക്കുന്നതു സംബന്ധിച്ച് കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ബന്ധപ്പെട്ടവർക്ക് നല്കുന്ന നിർദ്ദേശങ്ങൾ

സർക്കുലർ നമ്പർ കെ.സി.ബി.സി./ഇ.സി./03/2015 11-06-2015

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിത സമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരേ,

പരിശുദ്ധ കത്തോലിക്കാസഭ മനുഷ്യവർഗ്ഗം മുഴുവന്റെയും അമ്മയാണ്. ആ നിലയിൽ മക്കളുടെ ഓരോ ചുവടുവയ്പും അതീവ ജാഗ്രതയോടും താത്പര്യത്തോടും കൂടിയാണ് സഭ നോക്കിക്കാണുന്നത്. ചെറുപ്രായത്തിൽ തന്നെ ഓരോ വ്യക്തിയും ജീവിതത്തിൽ അനുവർത്തിക്കേണ്ടതായ ധാർമ്മികമൂല്യങ്ങളെക്കുറിച്ച് അറിവുള്ളവരായി വളരണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. അദ്ധ്യാപകർക്കാണ് മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയുന്നത്. അവർ മാതാപിതാക്കളുടെ സഹകാരികളെന്ന നിലയ്ക്കും സാമൂഹികജീവിതക്രമം പരിശീലിപ്പിക്കുന്നവരെന്നനിലയ്ക്കും കുട്ടികളുടെ ചിന്തകളെയും വാക്കുകളെയും ചലനങ്ങളെയും ഏറെ സ്വാധീനിക്കാൻ പോന്നവരാണ്. സഭ അദ്ധ്യാപകരുടെ നിസ്തുലവും നിർമ്മലവുമായ അർപ്പണത്തെ എല്ലാക്കാലത്തും വിലമതിച്ചിട്ടുണ്ട്. ഇന്നും അദ്ധ്യാപക സമൂഹത്തോടു സഭയ്ക്ക് അതിരറ്റ വാത്സല്യവും ആദരവുമാണുള്ളത്. അദ്ധ്യാപകർ മനസ്സറിഞ്ഞു കുട്ടികളുടെ ജീവിതത്തെ സ്പർശിച്ചാൽ വിദ്യാർത്ഥികൾ കുറ്റമറ്റവരാകും. നാടിന്റെ ശ്രേയസ്സിനും മനുഷ്യർ തമ്മിലുള്ള സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിനും ഉതകുന്നവരായി വളരും. ഏല്പിക്കപ്പെട്ട വിഷയങ്ങൾ പഠിപ്പിച്ച് തീർക്കുകയും പരീക്ഷകൾ നടത്തി ക്ലാസ്സ് കയറ്റി വിടുകയും ചെയ്യുകയെന്ന സാമാന്യരീതിയിൽനിന്ന് ജീവസ്സുറ്റ അദ്ധ്യാപന പ്രക്രിയയിലേക്ക് അദ്ധ്യാപകസമൂഹം ഉയർന്നു വരണം.

അവരവരുടെ വിഷയങ്ങൾ ക്ലാസ്സ് മുറികളിൽ കൈകാര്യം ചെയ്യുമ്പോൾത്തന്നെ വിവേകമതികളായ അദ്ധ്യാപകർ ജീവിതമൂല്യങ്ങൾ കുട്ടികളിലേക്ക് സന്നിവേശിപ്പിക്കും. എന്നാൽ പാഠഭാഗം തീർക്കാനുള്ള വ്യഗ്രതയും മറ്റ് ഉത്തരവാദിത്വങ്ങൾ സൃഷ്ടിക്കുന്ന ബദ്ധപ്പാടും പല അദ്ധ്യാപകരെയും കാതലായ ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ വീഴ്ചയുള്ളവരാക്കുന്നു.

മൂല്യബോധനം നൽകേണ്ടതിന്റെ പ്രാധാന്യം എല്ലാവരെയും ഓർമ്മപ്പെടുത്തുന്നതിനും ഒരു നിശ്ചിതസമയം അതിനുവേണ്ടി മാറ്റി വയ്ക്കാൻ പ്രേരിപ്പിക്കുന്നതിനും വേണ്ടി കത്തോലിക്കാ വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ നിർബന്ധമായും നടത്തണമെന്ന് കേരളത്തിലെ മെത്രാൻസമിതി തീരുമാനിക്കുകയുണ്ടായി. അതിനെക്കുറിച്ച് കഴിഞ്ഞ വർഷം ഞാൻ നിങ്ങൾക്കെഴുതിയിരുന്നത് ഓർമ്മിക്കുമല്ലോ. ഈ അക്കാദമിക വർഷം മുതൽ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും മൂല്യബോധനക്ലാസ്സുകൾ നടത്താൻ സമയം നിശ്ചയിക്കണം. മാത്രമല്ല പി.ഒ.സി. തയ്യാറാക്കി പ്രസിദ്ധം ചെയ്തിട്ടുള്ള പാഠപുസ്തകങ്ങൾ (ഇംഗ്ലീഷ്/മലയാളം) അതിനുപയോഗിക്കുകയും വേണം. അപ്രകാരം എല്ലാവരും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനെയാണ് മെത്രാൻ സമിതി ചുമതലപ്പെടുത്തിയിരിക്കുന്നത്.

റെഗുലർ വിദ്യാലയങ്ങളിലെ മൂല്യബോധനക്ലാസ്സുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ പി.ഒ.സി.യിൽനിന്നും വാങ്ങി വിതരണം ചെയ്യുന്നതിനും വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകൾ വാങ്ങി യഥാസമയം പരീക്ഷകൾ നടത്തുന്നതിനും ഉത്തരവാദിത്വപ്പെട്ട വൈദികനെ രൂപതകളിൽ നിയമിക്കാൻ അഭിവന്ദ്യ പിതാക്കന്മാർ ശ്രദ്ധിക്കുമല്ലോ. ചില രൂപതകളിൽ ഇപ്പോൾത്തന്നെ ഇക്കാര്യം നിർവ്വഹിക്കുന്നതിന് മതബോധന ഡയറക്ടറെയോ കോർപ്പറേറ്റ് മാനേജുമെന്റ് സെക്രട്ടറിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് മറ്റുള്ളവർക്കും അനുകരിക്കാവുന്നതാണ്. ഏകതാനമായവിധം ഈ പ്രേഷിതപ്രവർത്തനം നടത്തുന്നതിന് കേന്ദ്രീകൃത സംവിധാനം ആവശ്യമാണ്. എയ്ഡഡ്, മലയാളം-ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ്, സി.ബി.എസ്.സി, ഐ.സി.എസ്.സി, വിദ്യാലയങ്ങളുടെ ചുമതലക്കാർ അതാതു രൂപതകളിൽ ഇക്കാര്യത്തിനായി ഉത്തരവാദിത്വപ്പെട്ട വൈദികനോട് സഹകരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതിനോടകം തന്നെ പല രൂപതകളിലെയും വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ തുടങ്ങിയിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷം. ചിലരെങ്കിലും കഴിഞ്ഞ വർഷത്തെ നിർദ്ദേശം മറന്നുകൊണ്ട് മറ്റ് ഏജൻസികളുടെ പുസ്തകങ്ങളാണ് ഉപയോഗിക്കുന്നതെന്നും അറിയുന്നു. അങ്ങനെയാണെങ്കിൽ അടുത്ത അക്കാദമിക വർഷം മുതൽ എല്ലാവരും പി.ഒ.സി.യുടെ പുസ്തകങ്ങൾ തന്നെ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഏതു മാനേജുമെന്റിലെ വിദ്യാലയങ്ങളിലും ഉപയോഗിക്കാൻ യോജിച്ചവിധം തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ ഈ പുസ്തകങ്ങൾ.

ജനുവരി മൂന്നാം വാരത്തിലെ ഒരു ദിവസം (തീയതി പിന്നീട് അറിയിക്കുന്നതാണ്) ഒരേ സമയത്തു തന്നെ എല്ലാ വിദ്യാലയങ്ങളിലും പരീക്ഷ

കൾ നടത്തേണ്ടതാണ്. കമ്മീഷൻ നിശ്ചയിച്ചറിയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി അർഹിക്കുന്നവർക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നതായിരിക്കും. മാനേജുമെന്റുകളും അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരും ഈ ദൗത്യത്തിൽ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനോട് നിർലോപം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികൾ മാന്യരും മൂല്യാധിഷ്ഠിത നിലപാടുകൾ സ്വീകരിക്കുന്നവരുമായി സാമൂഹിക ജീവിത വഴിത്താരകളിൽ സേവനനിരതരാകുമ്പോഴാണ് നാം നമ്മുടെ ദൗത്യത്തിൽ വിജയിക്കുന്നത്. കേവലം വിഷയാധിഷ്ഠിത അദ്ധ്യാപനത്തിനുപരിയായി നമ്മുടെ വിദ്യാർത്ഥികൾ ഉത്തരവാദിത്വമുള്ളവരും പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമാകണമെന്ന താത്പര്യത്തോടെ സാമൂഹികജീവിതത്തിൽ അവർ ഭാഗഭാഗക്കുകളാകുന്നതിന് ഉതകുന്ന അദ്ധ്യാപനരീതിയാണ് അവലംബിക്കേണ്ടത്.

അഴിമതിയും ധൂർത്തും  ലൈംഗികാസക്തിയുടെ ദുരുപയോഗവും മദ്യവും ലഹരിയും കൊള്ളയും കൊലപാതകവും തജ്ജന്യമായ മറ്റു തിന്മകളും നമ്മുടെ സമൂഹത്തിൽ ആപത്കരമായി വർദ്ധിക്കുകയാണെന്ന വസ്തുത മറക്കരുത്. കത്തോലിക്കാമാനേജുമെന്റുകളും അദ്ധ്യാപകരും ആത്മാർത്ഥതയോടെ സ്ഥിരപരിശ്രമം ചെയ്താൽ ഈ തിന്മകളൊക്കെയും കുറയ്ക്കുവാൻ സാധിക്കും. അതിനുള്ള ആദ്യചുവടെന്ന നിലയിൽ മൂല്യബോധനക്ലാസ്സുകൾ ചിട്ടയായും ക്രമമായും നിഷ്ഠയോടെ നടപ്പിലാക്കാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം.

വിദ്യാഭ്യാസശുശ്രൂഷാമേഖലയിൽ നിങ്ങൾ നല്കി വരുന്ന നിസ്വാർത്ഥ സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾ കാണിക്കുന്ന താത്പര്യത്തിനും സഹകരണത്തിനും ആത്മാർത്ഥതയോടെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നാമെല്ലാവരും ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാകയാൽ പരസ്പര ബഹുമാനത്തോടും സഹകരണത്തോടും കൂടി ഒരുമിച്ചു മുന്നേറാം. അതിന് നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,**

ചെയർമാൻ,

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

# കൂരിയ വാർത്തകൾ

## New Appointment

Mr. Jose James Pannivelil - Chairman, Education Commission.

## ഫൊറോന വികാരിമാരുടെ മീറ്റിംഗ്

കോട്ടയം: അതിരൂപതയിലെ ഫൊറോനാ വികാരിമാരുടെ മീറ്റിംഗ് ജൂലൈ 14-ാം തീയതി 2.30 p m ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്.

## പ്രസ്ബിത്തേറിയം

കോട്ടയം: അതിരൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികരുടെ പ്രസ്ബിത്തേറിയം ഓഗസ്റ്റ് 3-ാം തീയതി 10 a m മുതൽ 4 p m വരെ തൂവാനീസാ പ്രാർത്ഥനാലയത്തിൽ കൂടുന്നതാണ്.

## വൈദികരുടെ വാർഷിക ധ്യാനം

കോട്ടയം : അതിരൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികരുടെ വാർഷിക ധ്യാനം ഓഗസ്റ്റ് 3-ാം തീയതി 6 p m മുതൽ 7-ാം തീയതി 1 p m വരെ തൂവാനീസാ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നതാണ്.

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ജൂൺ 4, 11, 25 | പഠനാനുഭവ ധ്യാനം (SSLC വിദ്യാർത്ഥികൾക്ക്) |
| 9 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>ഫാ. ജിബിൽ, ബ്രദർ തോമസ് കുര്യൻ & ടീം |
| 12 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം |
| 17 | കുടുംബശാക്തീകരണ ധ്യാനം<br>തൂവാനിസാ ടീം & അഗാപ്പെ മിനിസ്ട്രി<br>മസ്കറ്റ്, ഓസ്ട്രേലിയ |
| 26 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം<br>ഫാ. ജോസ് വടകര, ബ്ര. അലക്സ് & ടീം |

# CHAITHANYA PROGRAMME
## July 2015

| Date | Programme |
|---|---|
| 2-4 | Pre-Marriage Course |
| 5 | NCPRI Meet |
| 6 | KSSS Animators' Meeting |
| 8-10 | Knanaya Medalist Students Camp |
| 11 | Pastoral Council Meeting |
| 11 | Chaithanya Commission Meeting |
| 11 | KSSS Alternative Lifestyle Training |
| 11 | KSSS Mushroom Cultivation Training |
| 11 | KSSS Ornamental-making Training |
| 11 | KSSS Candle-making Training |
| 11-12 | Bank Employees Training |
| 11-12 | Leadership Training |
| 13 | KSSS Tailoring Training |
| 13 | KSSS Beautician Training |
| 14 | KSSS Smart Animators' Training |
| 14 | Presbyteral Council |
| 16 | KSSS Coordinators' Meeting |
| 18 | CBR Sibling get-tegather |
| 20-26 | Co-operative Bank Employees Training |
| 24-25 | KCSL Camp |
| 25-26 | NCPRI Meet |
| 26 | Vincent de Paul Meeting |
| 28 | KSSS Coordinators' Meeting |
| 29-31 | Co-operative Bank Employees Training |
| 31 | Vermi-Compost Training |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് - 2015

രക്ഷകനും നാഥനുമായ ഈശോമിശിഹായെ ആഴത്തിൽ അറിയുക, വിശുദ്ധ ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി.ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തു പരീക്ഷയാണ് ലോഗോസ് ക്വിസ് 2015. ഈ പരീക്ഷയിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുവാൻ ശ്രമിക്കുമല്ലോ.

**പ്രത്യേകം ശ്രദ്ധിക്കേണ്ടവ**

1. മത്സരാർത്ഥികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ A,B,C,D,E,F എന്നീ ആറ് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A വിഭാഗം 01.01.2004 ന് ശേഷം ജനിച്ചവർ

B വിഭാഗം 01.01.1999 നും 31.12.2003 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം 01.01.1984 നും 31.12.1998 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം 01.01.1964 നും 31.12.1983 നും ഇടയ്ക്ക് ജനിച്ചവർ

B വിഭാഗം 01.01.1951 നും 31.12.1963 നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം 31.12.2003 നു മുമ്പ് ജനിച്ചവർ

മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ ഗ്രൂപ്പ് അടിസ്ഥാനത്തിലായിരിക്കും.

2. ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കുന്ന 25ൽ ഒരാൾക്ക് സമ്മാനം ലഭിക്കുന്നതാണ്.
3. പഠനഭാഗം : സംഖ്യ 1-10, സുഭാഷിതങ്ങൾ 1-9, യോഹന്നാൻ 1-12, യൂദാസിന്റെ ലേഖനം.
4. പരീക്ഷാ തീയതി രൂപതാതലത്തിൽ 2015 സെപ്റ്റംബർ 27 ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ ഇടവക കേന്ദ്രങ്ങളിൽ.
   സംസ്ഥാന തലത്തിൽ: 2015 നവംബർ 27 രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 5 വരെ പി.ഒ.സിയിൽ
5. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഇതിൽ ഒരു രൂപാ ഇടവകയ്ക്കുള്ളതാണ്. ബാക്കി 9 രൂപ രജിസ്ട്രേഷനൊപ്പം നൽകേണ്ടതാണ്.

6. രജിസ്ട്രേഷന്റെ അവസാന തീയതി 2015 ജൂലൈ 31
7. രജിസ്ട്രേഷൻ ഫോറം തികയാതെ വന്നാൽ കോപ്പി എടുത്താൽ മതിയാകും.
8. ഓരോ ഇടവകയും സ്വന്തം ഉത്തരവാദിത്വത്തിൽ ഇ-മെയിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
9. ഈ വർഷം മുതൽ ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റുരൂപം ഉണ്ടായിരിക്കുന്നതല്ല (വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താൽപര്യമുള്ളവർക്ക് ലഘുപഠനത്തിനായി ജൂൺ 15 നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്.)
10. രൂപതയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്കുള്ള കാഷ് അവാർഡുകൾ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ ഇടവകയിലെ ഭവനങ്ങളുടെ അനുപാതം കൂടി പരിഗണിച്ചായിരിക്കും നൽകുക.
11. ഇംഗ്ലീഷ് ചോദ്യം വേണ്ടവർ പ്രത്യേകം അടയാളപ്പെടുത്തണം.
12. ഓരോ മാസവും ഇടവകയിൽ മോഡൽ പരീക്ഷ നടത്തി ഇടവകയിൽ നിന്ന് സമ്മാനങ്ങൾ നൽകുന്നത് നന്നായിരിക്കും.

**മറ്റ് സമ്മാനങ്ങൾ**

**സമ്മാനങ്ങൾ അഖില കേരളാതലത്തിൽ ഓരോ വിഭാഗത്തിനും പ്രത്യേകം**

1-ാം സമ്മാനം 15000 രൂപയും സ്വർണ്ണ മെഡലും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 10000 രൂപയും സ്വർണ്ണ മെഡലും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5000 രൂപയും സ്വർണ്ണ മെഡലും, സർട്ടിഫിക്കറ്റും

4-ാം സമ്മാനം 1000 രൂപയും സ്വർണ്ണ മെഡലും, സർട്ടിഫിക്കറ്റും ഓരോ വിഭാഗത്തിലും 7 പേർക്ക് വീതം

5-ാം സമ്മാനം 500 രൂപ

**സമ്മാനങ്ങൾ രൂപതാതലത്തിൽ ഓരോ വിഭാഗത്തിനും പ്രത്യേകം**

1-ാം സമ്മാനം 3000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 2000 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം

5-ാം സമ്മാനം 100 രൂപ വില വരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും, സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80% ൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**സമ്മാനങ്ങൾ ഇടവക തലത്തിൽ**

25 ന്റെ ഓരോ ഗുണിതത്തിനും (50, 75, 100, 125, 10 എന്ന കണക്കിൽ) ഒരു സമ്മാനം എന്ന അനുപാതത്തിൽ സമ്മാനങ്ങൾ എല്ലാ ഇടവകകൾക്കും ഉണ്ടായിരിക്കും.

60% ൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70% ൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E,F പ്രായവിഭാഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

P.S. സമർപ്പിതർക്കു സംസ്ഥാന തലത്തിൽ പ്രതിഭാ സമ്മാനം നൽകുന്നതാണ്. പ്രതിഭകൾക്കു വിശുദ്ധനാട് തീർത്ഥാടനം.

## വിശുദ്ധനാട് തീർത്ഥയാത്ര

2015 ഒക്ടോബർ 13 നു പുറപ്പെടുന്ന പത്തു ദിവസത്തെ വിശുദ്ധനാട് യാത്രയിൽ ജോർദ്ദാൻ, പാലസ്റ്റിൻ, ഇസ്രായേൽ, സിനായ്, ഈജിപ്റ്റ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്നു.

**ഫാ. ജോർജ് പുതുപ്പറമ്പിൽ**
(ചെയർമാൻ, ബൈബിൾ കമ്മീഷൻ)

# വൊക്കേഷൻ കമ്മീഷൻ

## സീറോ മലബാർ സഭാ വൊക്കേഷൻ കമ്മീഷൻ മീറ്റിംഗ്

കാക്കനാട്: സീറോ മലബാർ സഭയിലെ വൊക്കേഷൻ കമ്മീഷൻ ഡയറക്ടർമാരുടെ മീറ്റിംഗ് ജൂൺ 30-ാം തീയതി ചൊവ്വാഴ്ച കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതയിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സ് പങ്കെടുത്തു.

## അതിരൂപതാ വൊക്കേഷൻ കമ്മീഷൻ മീറ്റിംഗ് ജൂലൈ 5 ന്

എസ്.എച്ച് മൗണ്ട്: അതിരൂപതാവൊക്കേഷൻ കമ്മീഷൻ മീറ്റിംഗ് സെന്റ് സ്റ്റനിസ്ലാവൂസ് മൈനർ സെമിനാരിയിൽ ജൂലൈ 5 ഞായറാഴ്ച 3 p.m. ന് നടത്തപ്പെടുന്നു. അതിരൂപതയിലെ വൊക്കേഷൻ കമ്മീഷൻ അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുക്കുന്നതാണ്.

## ക്നാനായ കാൻഡിഡേറ്റ്സ് മീറ്റ്

എസ്.എച്ച് മൗണ്ട്: ജൂലൈ 15 ബുധനാഴ്ച സെന്റ് സ്റ്റനിസ്ലാവൂസ് മൈനർ സെമിനാരിയിൽ വച്ച് 2015-16 വർഷത്തിൽ കോട്ടയം അതിരൂപതയിലെ സഭാസമൂഹങ്ങളിൽ ദൈവവിളി സ്വീകരിച്ച് ചേർന്ന വൈദിക-സന്ന്യാസി-സന്ന്യാസിനി അർത്ഥികൾ പങ്കെടുക്കുന്ന ക്നാനായ കാൻഡിഡേറ്റ്സ് മീറ്റ് നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ അർപ്പിക്കുന്ന വി. കുർബാനയോടെ ആരംഭിച്ച് ഉച്ചകഴിഞ്ഞ് 4 മണി വരെയാണ് സംഗമം നടത്തപ്പെടുക.

**ഫാ. ബിബി തറയിൽ**

ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ

# ചെറുപുഷ്പ മിഷൻലീഗ്

ഈ വർഷത്തെ CML പഠനവിഷയം 'സമർപ്പിതം സത്പ്രേഷിതത്വത്തിനായ്' എന്നതാണ്. 2015-16 വർഷത്തിലെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**പ്രവർത്തനവർഷ ഉദ്ഘാടനം - വാർഷികം**

കഴിഞ്ഞ പ്രവർത്തന വർഷത്തിന്റെ വാർഷികവും 2015-16 പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനവും അതിരൂപത കൗൺസിൽ യോഗവും 2015 ജൂലൈ 18-ാം തീയതി ശനിയാഴ്ച്ച അറുനൂറ്റി മംഗലം സെന്റ് ജോസഫ് ദേവാലയത്തിൽ നടക്കും. രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിക്കുകയും അതിനെ തുടർന്ന് ശാഖ, മേഖല ഭാരവാഹികളുടെ സെമിനാർ, വൈസ് ഡയറക്ടർ മീറ്റിങ്, വാർഷികം, പ്രവർത്തന വർഷ ഉദ്ഘാടനം, കൗൺസിൽ സമ്മേളനം എന്നിവ നടക്കും. ഉച്ചകഴിഞ്ഞ് 3 മണിയോടെ പരിപാടികൾ സമാപിക്കുന്നതാണ്. എല്ലാ ശാഖാ മേഖല ാഡയറക്ടർമാരും, വൈസ് ഡയറക്ടർമാരും ഭാരവാഹികളും

ഗ്രൂപ്പ് ലീഡർമാരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. വൈസ് ഡയറക്ടർമാർക്കുള്ള ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. കുട്ടികൾ ഉച്ചഭക്ഷണം കൊണ്ടുവരേണ്ടതാണ്.

**പുതിയ CML ഭാരവാഹികൾ**

പ്രസിഡന്റ് - അരുൺ സ്റ്റീഫൻ, പൂക്കുമ്പേൽ

സെക്രട്ടറി - ആശിഷ് ഫിലിപ്പ്, കീഴങ്ങാട്ട്

എക്സിക്യൂട്ടീവ് മെമ്പർ - സാലസ് ചാക്കോ, മുളയിങ്കൽ

ജനറൽ ഓർഗനൈസർമാർ - സച്ചിൻ കെ. ജോസഫ്, കൊച്ചുമാലിയിൽ

റീജീയണൽ ഓർഗനൈസർ - സജിമോൻ വി.ജെ. കളത്തിക്കോട്ടിൽ, അജിഷ് അബ്രാഹം കൊണ്ടാടുംപടവിൽ, അനുമോൾ പി.എം, പുൽപറയിൽ.

**മെമ്പർഷിപ്പ് ഫോറം ഭാരവാഹികൾ ലിസ്റ്റ്**

നമ്മുടെ അതിരൂപത ഓഫീസിലെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി അതിരൂപതയിലെ എല്ലാ അംഗങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു അംഗത്വ ഫോറം തയ്യാറാക്കി എല്ലാ ഇടവകയിലേയ്ക്കും അയച്ചിട്ടുണ്ട്. ഇടവകയിലെ CML അംഗങ്ങളുടെ വിവരങ്ങൾ ഈ അംഗത്വ ഫോമിൽ പൂരിപ്പിച്ച് തരേണ്ടതാണ്. ശാഖയിലെ അംഗങ്ങളുടെ എണ്ണം അനുസരിച്ച് ആവശ്യാനുസരണം അംഗത്വ ഫോറത്തിന്റെ കോപ്പികൾ എടുത്തു ഉപയോഗിക്കേണ്ടതാണ്. ജൂലൈ 18-ന് മുമ്പ് പൂരിപ്പിച്ച അംഗത്വ ഫോറങ്ങൾ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**ഫീസുകൾ**

അതിരൂപത ഫീസായ Rs.100/- അതിരൂപത വിഹിതം (10%) എന്നിവ ജൂലൈ 11-ന് മുമ്പായി അതിരൂപതയിൽ ഏൽപ്പിക്കേണ്ടതാണ്.

ഈ പ്രവർത്തന വർഷം മുതൽ അതിരൂപതയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മിഷൻ ഫണ്ട് ശേഖരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിലേയ്ക്കായി ഓരോ അംഗത്തിൽ നിന്നും Rs.10/- വീതം അംഗത്വ ഫീസ്/വർക്കിംങ് ഫണ്ട് ശേഖരിച്ച് അംഗത്വ ഫോറത്തോടൊപ്പം അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**വാർഷിക റിപ്പോർട്ട്.**

2014-15 പ്രവർത്തന വർഷത്തിലെ റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് ജൂലൈ 30-ന് മുമ്പ് അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**സാഹിത്യ മത്സരം**

മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ വർഷം മുതൽ അതിരുപതയിൽ നിന്നുമുള്ള ഒരു പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ മേഖല കേന്ദ്രങ്ങളിൽ വച്ച് മേഖല സാഹിത്യ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്. ബഹുമാനപ്പെട്ട മേഖല ഡയറക്ടർമാർ മത്സരഫലം മേഖലയിൽ പ്രസിദ്ധീകരിക്കുകയും ഓരോ വിഭാഗത്തിലും ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടിയ കുട്ടികളുടെ രചനകൾ അതിരൂപതയിലേക്ക് അയച്ച് തരേണ്ടതാണ്. അതിനുശേഷം അതിരൂപത തലത്തിൽ വിജയികളെ പ്രഖ്യാപിക്കുന്നതാണ്. അതിനാൽ ഓഗസ്റ്റ് 15-ാം തീയതി രാവിലെ 10 മണിക്ക് മേഖല മത്സരങ്ങൾ സംഘടിപ്പിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**ഫാ. ജോബി പൂച്ചുകണ്ടത്തിൽ** (ഡയറക്ടർ)

# വിശ്വാസപരിശീലന കമ്മീഷൻ

## വിശ്വാസ പരിശീലന അദ്ധ്യാപക സെമിനാർ

31-05-2015 ൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ കൂടിയ പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗിൽ എടുത്ത തീരുമാന പ്രകാരം ഈ വർഷം മുതൽ രണ്ടാമത്തെ സെമസ്റ്ററിലായിരിക്കും വിശ്വാസ പരിശീലന അദ്ധ്യാപക സെമിനാർ.

അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ മതാദ്ധ്യാപകരും പരിശീലനം സിദ്ധിച്ചവരായിരിക്കണം എന്നതിനാൽ ഈ വർഷം പുതുതായി അദ്ധ്യാപന രംഗത്തേക്ക് കടന്നു വന്നവരും, ഇനിയും പരിശീലനം സിദ്ധിക്കാത്തവർക്കായുമുള്ള കോഴ്സുകൾ ആദ്യ സെമസ്റ്ററിൽ ഫൊറോന തലത്തിൽ നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്.

### Best Sunday School 2014 - 2015

**Grade A+**

Ist St. Joseph's Sunday School, Puthuvely

2nd St. Joseph's Sunday School, Ettumanoor

3rd Holy Kings Sunday School, Piravom

**Malabar Region**

**Grade A+**

St. Thomas Sunday School, Perikalloor

St. Joseph's Sunday School, Alexnagar

**Grade A**

Sacred Heart Sunday School, Padamugham

St. George Sunday School, Mattakara

St. Mary's Sunday School, Chunkom

St. Thomas Sunday School, Malloossery

St. Thomas Sunday School, Puthussery

St. Mary's Sunday School, Chullikkara

Christ the King Sunday School, Pulinjal

Our Lady of Lourdes Sunday School, Malakkallu

St. Francis Assisi Sunday School,Thiroor

**Grade A**

Christ the King Sunday School, Echome

Holy Family Sunday School, Rajapuram

St. Thomas Sunday School, Kallar

St. Sebastian's Sunday School, Payyavoor

St. Mary's Sunday School, Sreepuram

Our Lady of Lourdes Sunday School, Madampam

## Sunday School Scholarship 2014 - 2015

**Std XII**

1st Anu John Pulikuthiyil, Neezhoor

2nd Nithya Abraham Varanakuzhiyil, Pookkayam

3rd Anumol Jose Nanamaruthinkal, Marika

**Std X**

Ist Asha John Pulikuthiyil, Neezhoor

2nd Stebi Steny Chembanniyil, Pothukuzhy

3rd Anu Stephen Kappukalayil, Payyavoor

**Std VII**

Ist Aleena Tomy Kuruttuparambil, Mrala

2nd Tania Jogy Peettappillil, Parambanchery

3rd Jithara Joy Vellanal, Karimkunnam

**Std IV**

Ist James Alappattu, Neezhoor

2nd Samson Mathew Puthiyedathu, Uzhavoor

3rd Anjaly Maria Shajan, Madampam

## Regular Catechism Scholarship 2014 - 2015

**Std X**

1st Anu Stephen, St. Sebastian's Church Payyavoor

2nd Sharon Thankachan, St. Sebastian's Church Payyavoor

3rd Akash John, Maryland H.S. Madampam

**Std IV**

Ist Sharona Elia Shaji, Rajapuram

2nd Roshni Maria Roy, Marika

3rd Elia Ann Tom, St. Sebastian's L.P.S. Payyavoor

**Std VII**

1st Judy Sunny, Uzhavoor

2nd Sherin Joseph, Kaduthuruthy

3rd Nisha P.B., Rajapuram

## Moral Science Scholarship 2014 - 2015

**Std X**

1st Athira Kochumon, St. Anne's Kottayam

2nd Preena V.P, Nattassery

3rd Anjaly C.V, Madampam

**Std IV**

Ist Riya Soosan Mathew, Pachira

2nd Lithin Raj, St. Sebastian's L.P.S. Payyavoor

3rd Anjana K. Nair, St. Anne's Kottayam

**Std VII**

1st Harisree H, Kallissery

2nd Sona Mariam Joseph, Kallissery

3rd Thanka Lakshmi Lalvij, Kallara

## വിശ്വാസ പരിശീലന വാർഷികം

2014-2015 ലെ വിശ്വാസപരിശീലന വാർഷികം ജൂലൈ 12-ാം തീയതി ഞായറാഴ്ച പുതുവേലി സെന്റ് ജോസഫ്സ് പള്ളിയിൽ രാവിലെ 9.30 ന് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി ആരംഭിക്കുന്നതാണ്. ദിവ്യബലിയെ തുടർന്നുള്ള പൊതുസമ്മേളനത്തിൽ മികവ് പുലർത്തിയ സൺഡേ സ്കൂളുകൾക്കും സമ്മാനാർഹരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കുമുള്ള പ്രത്യേക സമ്മാനങ്ങൾ നൽകപ്പെടുന്നതുമാണ്.

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
(ചെയർമാൻ, മതബോധന കമ്മീഷൻ)

# ലിറ്റർജി കമ്മീഷൻ

## ദേവാലയ ശുശ്രൂഷികൾക്ക് കോഴ്സ്

അതിരൂപതയിലെ ദേവാലയ ശുശ്രൂഷികൾക്ക് (കപ്യാർ) ഓറിയന്റേഷൻ കോഴ്സ് ജൂലൈ 7-ാം തീയതി ചൊവ്വാഴ്ച തൂവാനിസായിൽ വച്ചും, ജൂലൈ 15-ാം തീയതി ബുധനാഴ്ച ചേർപ്പുങ്കൽ സമരിറ്റൻ സെന്ററിൽ വച്ചും നടത്തപ്പെടുന്നതാണ്.

കോഴ്സിന്റെ ക്രമീകരണം ഇപ്രകാരമായിരിക്കും: ജൂലൈ 7 ചൊവ്വാഴ്ച - തൂവാനീസ - ഇടയ്ക്കാട്, കൈപ്പുഴ, മലങ്കര റീജിയൺ,

കടുത്തുരുത്തി ഫൊറോനകൾ. ജൂലൈ 15 ബുധനാഴ്ച - ചേർപ്പുങ്കൽ - കിടങ്ങൂർ, ചുങ്കം, ഉഴവൂർ, പടമുഖം ഫൊറോനകൾ. കോഴ്സ് ഫീസ് 100 രൂപ. കോഴ്സ് സമയം 9.30 a m - 1.00 p m

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**

(ചെയർമാൻ)

# ഫാമിലി കമ്മീഷൻ

## അതിരൂപതാതല ലേഖന മത്സരം - സമർപ്പിതർക്കും, അൽമായർക്കും

ആഗോള കത്തോലിക്കാ സഭ 2014-2016 സമർപ്പിതവർഷമായി ആചരിക്കുകയാണ്. സമർപ്പിതരോരോരുത്തരും തങ്ങളുടെ ദൈവവിളി തിരിച്ചറിഞ്ഞ്, ദൈവവേലയ്ക്കായ് കടന്നു വന്നിരിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. അതിനാൽതന്നെ കുടുംബങ്ങളുടെ സമഗ്ര വളർച്ചയിൽ സ്വാധീനം ചെലുത്താൻ അവർക്ക് സാധിക്കും.

2015 ഒക്ടോബർ 4 മുതൽ 25 വരെ റോമിൽ നടക്കുന്ന സിനഡ് കുടുംബ അജപാലനം നേരിടുന്ന വെല്ലുവിളികൾ മുഖ്യ ചർച്ചാ വിഷയമാക്കുകയാണ്. ഇതിനോടനുബന്ധിച്ച് കോട്ടയം അതിരൂപതാ ഫാമിലി കമ്മീഷൻ അതിരൂപതയിൽ സേവനം ചെയ്യുന്ന സമർപ്പിതർക്കും, അതിരൂപതാംഗങ്ങളായ വിവാഹിതർക്കുമായി ലേഖന മത്സരം സംഘടിപ്പിക്കുന്നു.

'കുടുംബ പ്രതിസന്ധികളിൽ താങ്ങും തണലുമാകുന്ന സമർപ്പിത ജീവിതം' എന്നതാണ് സമർപ്പിതർക്കുള്ള വിഷയം.

അൽമായർക്കുള്ള വിഷയം 'കുടുംബം-ദാമ്പത്യ വെല്ലുവിളികളും, പരിഹാര മാർഗ്ഗങ്ങളും' എന്നതാണ്.

ലേഖനം 10 പേജിൽ കവിയരുത്. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഓഗസ്റ്റ് 20 ന് മുമ്പ് ചെയർമാൻ, ഫാമിലി കമ്മീഷൻ, ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം പി.ഒ, കോട്ടയം-16 എന്ന വിലാസത്തിലോ frbressanj@gmail.com എന്ന അഡ്രസിലോ അയയ്ക്കേണ്ടതാണ്. ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടുന്നവർക്കും, A Grade ലഭിക്കുന്നവർക്കും പ്രത്യേകം പാരിതോഷികങ്ങൾ നല്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 9495080049.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**

ചെയർമാൻ, ഫാമിലി കമ്മീഷൻ

# തിരുബാലസഖ്യം

## പ്രവർത്തന വർഷ ഉദ്ഘാടനവും സെമിനാറും സംഘടിപ്പിച്ചു

കോട്ടയം: തിരുബാലസഖ്യം സംഘടനയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതികളുടെ രൂപീകരണവും സെമിനാറും ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. കോട്ടയം അതിരൂപതയിലെ മലങ്കര റീജിയൺ വികാരി ജനറാൾ റവ. ഫാ. ലെല്ലു കൈതാരം ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള തിരുബാലസഖ്യ വൈസ് ഡയറക്ർമാർ സെമിനാറിൽ പങ്കെടുത്തു. 'കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സഭയുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ബിബി തറയിൽ ക്ലാസ്സ് നയിച്ചു. തിരുബാലസഖ്യ പ്രവർത്തനങ്ങൾക്ക് ഫൊറോനതലത്തിൽ നേതൃത്വം നൽകുന്നതിനായി ഫൊറോന വൈസ് ഡയറക്ടർമാരെ സെമിനാറിനോടനുബന്ധിച്ച് തെരഞ്ഞെടുത്തു. തിരുബാലസഖ്യം അതിരൂപതാ ഡയറക്ടർ ഫാ. ജിനു കാവിൽ, വൈസ് ഡയറക്ടർ സിസ്റ്റർ ജോൺസിയ എസ്.വി.എം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ജിനു കാവിൽ** (അതിരൂപതാ ഡയറക്ടർ)

# സെന്റ് വിൻസന്റ് ഡി പോൾ

## പുതിയ കോൺഫ്രൻസ് ആരംഭിച്ചു

കോട്ടയം എ.സി.യിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രൽ ഇടവകയിൽ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി കോൺഫ്രൻസ് ആരംഭിച്ചു. 14–6–2015 ന് ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജോൺ ചേന്നാകുഴി, സി.സി. പ്രസിഡന്റ്, എ.സി. പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ വച്ച് കോൺഫ്രൻസ് പ്രസിഡന്റായി ബ്ര. എ.ജെ. ചാക്കോ ഇടനാട്ടുകാലായിൽ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് പ്രസിഡന്റും വൈസ് പ്രസിഡന്റ് ബ്ര. റ്റിമോൻ മറ്റത്തിൽപറമ്പിൽ, സെക്രട്ടറി ബ്ര അഡ്വ. ആൽബർട്ട് മാത്യു ഓണശ്ശേരിയിൽ, ട്രഷറർ ബ്ര. സി.സി. ഫിലിപ്പ് ചിലമ്പത്ത് എന്നിവരും സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

## പുതിയ പ്രസിഡന്റുമാർ

1) കട്ടപ്പന സെന്റ് സ്റ്റീഫൻസ് കോൺഫ്രൻസ് - ബ്ര. വി.റ്റി. കുര്യാക്കോസ് (ജോയി), വഞ്ചിത്താനത്ത്.

2) ചുള്ളിക്കര സെന്റ് മേരീസ് കോൺഫ്രൻസ്:- ബ്ര. ജോസ് പുന്നശ്ശേരിൽ

3) കള്ളാർ സെന്റ് തോമസ് കോൺഫ്രൻസ്:- ബ്ര. ഇ.കെ. ലൂക്കാ തടത്തിൽ

4) മൈക്കിൾ ഗിരി സെന്റ് മേരീസ് (വനിത) കോൺഫ്രൻസ്:- സി. ഏലിയാമ്മ മൈക്കിൾ കുറ്റിപറിച്ചതിൽ

5) പാച്ചിറ സെന്റ് മേരീസ് കോൺഫ്രൻസ്:- ബ്ര. കെ.എം. ബാബു, കാലായിൽ

6) ഈസ്റ്റ് നട്ടാശ്ശേരി ഹോളി ഫാമിലി കോൺഫ്രൻസ്:- ബ്ര. സി.സി. സണ്ണി ചെറുശ്ശേരിൽ

7) മാന്നാനം സെന്റ് സ്റ്റീഫൻസ് കോൺഫ്രൻസ് :- ബ്ര. പി.റ്റി. ഡോൺബോസ്കോ, പതിയിൽ

8) രാജപുരം എ.സി.യുടെ പുതിയ പ്രസിഡന്റായി രാജപുരം ഇടവകാംഗം ബ്ര. എം.പി. ജോസ് മുത്തൂറ്റിൽ തെരഞ്ഞെടുക്കപ്പെട്ടു.

9) ബൈസൺവാലി മായൽത്താ മാതാ കോൺഫ്രൻസിന്റെ പുതിയ പ്രസിഡന്റായി ബ്ര. ജോൺ ജോസഫ് കുടുംബക്കുഴി തെരഞ്ഞെടുക്കപ്പെട്ടു.

10) ചാമക്കാലാ സെന്റ് ജോൺസ് കോൺഫ്രൻസിന്റെ പുതിയ പ്രസിഡന്റായി ബ്ര. ഇ.റ്റി. ജോൺ ഇളമ്പാശ്ശേരിൽ തെരഞ്ഞെടുക്കപ്പെട്ടു.

**കെ. ജെ. ജോസ്** (പ്രസിഡന്റ്)

# കെ.സി.എസ്.എൽ

## അനിമേറ്റേഴ്സ് സെമിനാർ സംഘടിപ്പിച്ചു

കോട്ടയം: പുതിയ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുമായി അതിരൂപതാതലത്തിൽ വിവിധ സ്കൂളുകളിൽ നിന്നുള്ള കെ.സി.എസ്.എൽ അനിമേറ്റേഴ്സിനെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാർ ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. സെമിനാറിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറാൾ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു.

അതിരൂപത വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.എസ്.എൽ സഭയ്ക്കും സമൂഹത്തിനും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന് ഫാ. ജേക്കബ് ചക്കാത്തറ നേതൃത്വം നൽകി. കെ.സി.എസ്.എൽ അതിരൂപത ഡയറക്ടർ ഫാ. ജിനു കാവിൽ, വൈസ് ഡയറക്ടർ സി. വിമൽ എസ്. ജെ. സി, ഓർഗനൈസർ സോജൻ കെ.സി എന്നിവർ നേതൃത്വം നൽകി.

## മാർഗ്ഗരേഖ, പുസ്തകങ്ങൾ

കെ.സി.എസ്.എൽ ന്റെ പ്രവർത്തന വർഷത്തെ പഠനവിഷയം " കെ.സി. എസ്.എൽ സഭയ്ക്കും സമൂഹത്തിനും" എന്ന പുസ്തകവും ഉപപാഠപുസ്തകമായ "വി. ജോസഫ് വാസ് - ശ്രീലങ്കയുടെ അപ്പസ്തോലൻ" എന്ന പുസ്തകവും 2015 – 16 ലെ മാർഗ്ഗരേഖയും ചൈതന്യയിൽ ലഭ്യമാണ്.

## പ്രവർത്തനവർഷ ഉദ്ഘാടനം

സ്കൂൾ മാനേജർ, ഹെഡ്മാസ്റ്റർ, ആനിമേറ്റർ എന്നിവരുടെ നേതൃത്വത്തിൽ ജൂലൈ 10-ാം തീയതിക്കു മുമ്പായി ഉദ്ഘാടനം നടത്തി പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് പ്രവേശിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽവച്ച് യൂണിറ്റിലെ ഭാരവാഹികളെ പ്രാർത്ഥനാപൂർവ്വം തിരഞ്ഞെടുക്കുമല്ലോ. ഒരു ദിവസം ജനറൽ അസംബ്ലിയിൽ വച്ച് പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കുന്നതും നന്നായിരിക്കും.

## അതിരൂപതാതല പ്രവർത്തന വർഷ ഉദ്ഘാടനം

2015 – 16 പ്രവർത്തന വർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ജൂലൈ 17-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്. അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. എസ്.എസ്.എൽ. സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ എല്ലാ കെ. സി.എസ്.എൽ കൂട്ടുകാരെയും ആദരിക്കുന്നതുമാണ്. പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

## ലീഡേഴ്സ് ക്യാമ്പ്

കെ.സി.എസ്.എൽ സംഘടനയുടെ നേതൃത്വത്തിൽ ഈ വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികൾക്കും പ്രവർത്തകർക്കു

മായി നേതൃത്വ പരിശീലന ക്യാമ്പ് ജൂലൈ 24, 25 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. ജൂലൈ 24-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 25-ാം തീയതി ശനിയാഴ്ച 4 മണിക്ക് സമാപിക്കുന്നതാണ്. ക്യാമ്പ് ഫീസ് 175 രൂപയായിരിക്കും.

**ഫാ. ജിനു കാവിൽ** (ഡയറക്ടർ)

# ലീജിയൻ ഓഫ് മേരി

## പ്രാർത്ഥനായോഗം

കോട്ടയം : 2015 ജൂൺ 2-ാം തീയതി ചൊവ്വാഴ്ച ബഹു. ഫാ. ജോസ് കുറുപ്പന്തറയുടെ നേതൃത്വത്തിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് ലീജിയൻ ഓഫ് മേരിയുടെ പ്രാർത്ഥനായോഗം നടന്നു. ജൂലൈ 7-ാം തീയതി അടുത്ത പ്രാർത്ഥനായോഗം നടപ്പെടുന്നതാണ്.

**മോളി സൈമൺ കരിമ്പുംകാലായിൽ**
പ്രസിഡന്റ്

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി വികസന പാതയിൽ വരും ദിനങ്ങളിൽ

## ചൈതന്യ കാർഷിക നവംബർ 25 മുതൽ 29 വരെ

18-ാമത് ചൈതന്യകാർഷികമേള 2015 നവംബർ 25 മുതൽ 29 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. വ്യത്യസ്തവും പുതുമനിറഞ്ഞതുമായ വിഭവങ്ങളാണ് ഈ വർഷത്തെ മഹോത്സവത്തോട് അനുബന്ധിച്ച് അണിയിച്ചൊരുക്കുന്നത്.

## കർഷകദിനാചരണം സംഘടിപ്പിക്കുന്നു

കർഷകദിനമായ ചിങ്ങം 1-ാം തീയതി (ആഗസ്റ്റ് 17) വിപുലമായ പരിപാടികളോടെ കെ.എസ്.എസ്.എസ് കർഷക ദിനാചരണം ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് കർഷകർക്ക് നൂതന ശാസ്ത്രീയ കൃഷിരീതികളെ കുറിച്ച് അവബോധം നൽകുന്ന സെമിനാർ, വിവിധ മത്സരങ്ങൾ എന്നിവ നടത്തപ്പെടും.

## പുരുഷ സ്വാശ്രയസംഘാംഗങ്ങൾക്കായി നേതൃത്വ പരിശീലനം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന പുരുഷ സ്വാശ്രയസംഘങ്ങളിലെ അംഗങ്ങൾക്കും നാളികേര ഉത്പാദക സംഘ ഭാരവാഹികൾക്കുമായി നേതൃത്വ പരിശീലന ക്യാമ്പ് ജൂലൈ 11, 12 തീയതികളിൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ചൈതന്യയിൽ താമസിച്ചുള്ള പരിശീലനമാണ് ക്രമീകരിച്ചിരിക്കുന്നത്. ഒരു ഗ്രൂപ്പിൽ നിന്ന് കുറഞ്ഞത് 2 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 11-ാം തീയതി വൈകുന്നേരം 5 മണിക്ക് ചൈതന്യയിൽ എത്തിച്ചേരേണ്ടതാണ്. പരിശീലനത്തിൽ നേതൃത്വപാടവം, ആശയവിനിമയം, ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകത, ഭാരവാഹികളുടെ ഉത്തരവാദിത്വം എന്നീ വിഷയങ്ങളോടൊപ്പം കർഷകർക്ക് ലഭ്യമാകുന്ന വിവിധ ഗവൺമെന്റ് ആനുകൂല്യങ്ങളും ചർച്ച ചെയ്യുന്നതാണ്.

## മണ്ണ് വർഷത്തിൽ 101 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ

അന്താരാഷ്ട്ര മണ്ണ് വർഷത്തോടനുബന്ധിച്ച് കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ 101 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നു. പദ്ധതിയിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള ഗുണഭോക്തൃപരിശീലനവും പദ്ധതി ഉദ്ഘാടനവും ജൂലൈ 31-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിൽ നടത്തപ്പെടും. ജൈവവള പ്രയോഗത്തിലൂടെ മണ്ണ് സംരക്ഷണം ലക്ഷ്യമിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 5 അടി നീളവും 3 അടി വീതിയും $1^1/_2$ അടി ഉയരവുമുള്ള ടാങ്കുകളാണ് പദ്ധതി പ്രകാരം വിവിധ ഗ്രാമങ്ങളിലായി നിർമ്മിക്കുന്നത്. പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന എല്ലാ ഗുണഭോക്താക്കളും അന്നേ ദിവസം ചൈതന്യയിൽ എത്തിച്ചേരേണ്ടതാണ്.

## തിമിര നിർണ്ണയ ക്യാമ്പ്

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ തിമിര നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ക്യാമ്പിൽ പങ്കെടുത്ത് രോഗ നിർണ്ണയം നടത്തുന്നവർക്ക് തുടർ ചികിത്സാ സൗകര്യങ്ങളും ഒരുക്കുന്നതാണ്. ജൂൺ മാസത്തിൽ കണ്ണങ്കര, പുന്നത്തുറ, റാന്നി ഗ്രാമങ്ങളിൽ നടത്തിയ ക്യാമ്പിൽ പങ്കാളികളായ 767 പേരിൽ നിന്ന് 83 പേർക്ക് തിമിരം ഉള്ളതായി കണ്ടെ

ത്തുകയും തുടർ ചികിത്സാ ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു. ജൂലൈ മാസത്തിൽ 23-ാം തീയതി വാരപ്പെട്ടിലും 29-ാം തീയതി കൂട ല്ലൂരും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

## നവോമി മേഖല സംഗമങ്ങൾ സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ വിധ വകൾക്കും കുടുംബഭാരം പേറുന്ന സ്ത്രീകൾക്കുമായി രൂപീകൃതമായിരി ക്കുന്ന നവോമി ഗ്രൂപ്പുകളുടെ മേഖല സംഗമങ്ങൾ സംഘടിപ്പിക്കുന്നു. കിടങ്ങൂർ മേഖലയുടെ നവോമി സംഗമം ജൂലൈ 4-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിലും ഇടയ്ക്കാട് മേഖലയുടെ സംഗമം ജൂലൈ 30-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് മള്ളൂശ്ശേരി സെന്റ് തോമസ് ചർച്ച് ഹാളിലുമാണ് സംഘടിപ്പിക്കുന്നത്. സംഗമത്തോടനുബന്ധിച്ച് "സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും പ്രതിവിധികളും" എന്ന വിഷയത്തിൽ സെമിനാറും പൊതു സമ്മേളനവും നടത്തപ്പെടും. കിടങ്ങൂർ, ഇടയ്ക്കാട് മേഖലകളിലെ നവോമി ഗ്രൂപ്പംഗങ്ങൾ സംഗമത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## കർക്കിടക കഞ്ഞികിറ്റ്

പഴമക്കാർ ഏറെ ഉപയോഗിച്ചുകൊണ്ടിരുന്നതും ഇന്നത്തെ തലമു റയ്ക്ക് സുപരിചിതമല്ലാത്തതുമായ കർക്കിടക കഞ്ഞിക്കിറ്റ് സംഘാംഗ ങ്ങൾക്കായി ലഭ്യമാക്കുന്നു. വർഷംതോറും ഔഷധയുക്തമായ കർക്കി ടക കഞ്ഞിക്കൂട്ട് ഉപയോഗിക്കുന്നത് ദഹനശക്തി നിലനിർത്തുന്നതിനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിച്ച് ശരീരത്തിന് ബലം പ്രദാനം ചെയ്യു ന്നതിനും സാംക്രമിക രോഗങ്ങളിൽ നിന്നുള്ള മുക്തി ലഭിക്കുന്നതിനും സഹായകമാകുന്നു. 7 ദിവസത്തെ ഉപയോഗത്തിനായുള്ള കാരിത്താസ് ആയുർവേദ ആശുപത്രിയിൽ തയ്യാറാക്കിയ കർക്കിടക കഞ്ഞിക്കിറ്റ് സംഘാംഗങ്ങൾക്ക് 150 രൂപ നിരക്കിൽ ലഭ്യമാക്കുന്നു.

## പായസകിറ്റ് ലഭ്യമാക്കുന്നു

ഗ്രാമതല ഓണാഘോഷത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങൾക്കായി പായസ കിറ്റ് ലഭ്യമാക്കുന്നു. 300 ഗ്രാം തൂക്കം വരുന്ന സേമിയ പായസകിറ്റ് 45 രൂപയ്ക്കാണ് ലഭ്യമാക്കുന്നത്.

## ചൈതന്യ കേറ്ററിംഗ് യൂണിറ്റ്

സുരക്ഷിത ഭക്ഷണശീലം പ്രാവർത്തികമാക്കുകയും സംലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് വനിതാ സ്വാശ്രയ കമ്മ്യൂണിറ്റി കേറ്ററിംഗ് യൂണിറ്റ് വിപുലീകരിക്കുന്നു. നാടൻ രുചിയോടെ വീട്ടമ്മമാർ തയ്യാറാക്കുന്ന ഊണ്, ബിരിയാണി, വിവിധ പലഹാരങ്ങൾ, അച്ചാറുകൾ എന്നിവ ഓർഡർ അനുസരിച്ച് തയ്യാറാക്കി ഭവനങ്ങളിൽ എത്തിച്ച് നൽകുന്നതാണ്. താത്പര്യമുള്ളവർ 9495165614 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ആയുർവ്വേദ മെഡിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസ് കാരിത്താസ് ആയുർവ്വേദ ആശുപത്രിയുമായി സഹകരിച്ച് ആയുർവ്വേദ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഹെൽപ്പേജ് ഇൻഡ്യയുടെ സഹകരണത്തോടെ കെ.എസ്.എസ്.എസിന്റെ കൈപ്പുഴ, ചുങ്കം, മലങ്കര, കടുത്തുരുത്തി, കിടങ്ങൂർ, ഇടയ്ക്കാട് മേഖലകളിൽ രൂപീകൃതമായിരിക്കുന്ന സീനിയർ സ്വാശ്രയ സംഘാംഗങ്ങൾക്കായാണ് മേഖലാതലത്തിൽ ക്യാമ്പ് സംഘടിപ്പിക്കുന്നത്. സെമിനാറും വൈദ്യപരിശോധനയും മരുന്ന് വിതരണവും ക്യാമ്പിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്. ക്യാമ്പിനെ സംബന്ധിച്ച വിശദാംശങ്ങൾ അനിമേറ്റർ മുഖേന അറിയിക്കുന്നതാണ്.

## സ്മാർട്ട് ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിക്കുന്നു

കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പുകളെ കോർത്തിണക്കിക്കൊണ്ട് ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു. ജൂലൈ 18-ാം തീയതി ശനിയാഴ്ച മാന്നാനം, പാലത്തുരുത്ത്, കൈപ്പുഴ, കുറുമുള്ളൂർ, മകുടാലയം, ചാമക്കാല, നീണ്ടൂർ ഗ്രാമങ്ങളിലെ സ്മാർട്ട് കുട്ടികളെ ഉൾപ്പെടുത്തി നീണ്ടൂർ സെന്റ് മൈക്കിൾസ് ചർച്ച് ഹാളിലും ഇരവിമംഗലം, മേമ്മുറി, പുതിയ കല്ലറ, പഴയ കല്ലറ ഗ്രാമങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി പുതിയ കല്ലറ സെന്റ് മേരീസ് ചർച്ച് ഹാളിലുമാണ് മീറ്റിംഗുകൾ സംഘടിപ്പിക്കുന്നത്. വിവിധ മത്സരങ്ങൾ, സെമിനാർ, കലാപരിപാടികൾ എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

## സ്മാർട്ട് അനിമേറ്റേഴ്സ് ട്രെയിനിംഗ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി 5, 6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സർവ്വതോന്മുഖ വളർച്ച ലക്ഷ്യമാക്കി പ്രവർത്തന

ഗ്രാമങ്ങളിൽ നടത്തി വരുന്ന സ്മാർട്ട് ഗ്രൂപ്പുകൾക്ക് നേതൃത്വം കൊടുക്കുന്നതിനായി എല്ലാ അനിമേറ്റർമാർക്കും സ്മാർട്ട് പരിശീലകർക്കുമായി ജൂലൈ 14-ാം തീയതി രാവിലെ 10.30 മുതൽ 3 വരെ പ്രത്യേക പരിശീലനം ചൈതന്യയിൽ ഉണ്ടായിരിക്കുന്നതാണ്.

## പരിശീലനങ്ങൾ

## പശുവളർത്തൽ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി പശുവളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 4 മുതൽ 11 വരെ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുക. പരിശീലനത്തോടനുബന്ധിച്ച് പശുവളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റപ്പുൽകൃഷി, പശുവിനുണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധരുടെ ക്ലാസും പഠന യാത്രയും ക്രമീകരിക്കും.

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

സ്വാശ്രയസംഘാംഗങ്ങളിൽ ബദൽ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്. എസ്.എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ജൂലൈ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## ബ്യൂട്ടീഷ്യൻ പരിശീലനം

ഒരു മാസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ജൂലൈ 13 തിങ്കളാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, കാത് കുത്ത്, കാത് ഒട്ടിക്കൽ, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9961017249 എന്ന നമ്പരിൽ ബന്ധപ്പെടുക.

## തയ്യൽ പരിശീലനം

ജൂലൈ 13-ാം തീയതി തിങ്കളാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. അടിസ്ഥാന തയ്യൽ പരിശീലനവും, ചുരി

ദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളിലുമാണ് പരിശീലനം സംഘടിപ്പിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9544058840 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കൂൺ കൃഷി പരിശീലനം

കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

# കെ.എസ്.എസ്.എസ് പോയ വാരങ്ങളിൽ

## സമരിറ്റൻ ദിനാചരണവും സംസ്ഥാനതല ശിൽപശാലയും

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സമരിറ്റൻ ദിനാചരണവും സെൻസ് ഇന്റർ നാഷണൽ ഇൻഡ്യയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതല ശില്പശാലയും സംഘടിപ്പിച്ചു. ദിനാചരണത്തിന്റെയും ശിൽപശാലയുടെയും ഉദ്ഘാടനം വന-ഗതാഗത-പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. മോൻസ് ജോസഫ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി, കെ.എസ്.എസ്.എസ്

സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം. രാധാകൃഷ്ണൻ, മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബെൽജി ഇമ്മാനുവേൽ, കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഷൈല തോമസ്, കെ.എസ്.എസ്.എസ് അന്ധബധിര ഫെഡറേഷൻ പ്രതിനിധി മഹേഷ് കുമാർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോട് അനുബന്ധിച്ച് ചൈതന്യ ജീവകാരുണ്യ നിധി ചികിത്സാ സഹായ വിതരണം, എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്കുള്ള അവാർഡ് സമർപ്പണം എന്നിവയും നടത്തപ്പെട്ടു. ദിനാചരണത്തോടനുബന്ധിച്ച് ഭിന്നശേഷിയുള്ള കുട്ടികൾ അണിയിച്ചൊരുക്കിയ കലാവിരുന്നും നടത്തപ്പെട്ടു.

## പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററർ സെന്ററിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണത്തിന്റെ ഉദ്ഘാടനം വന-ഗതാഗത-പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. സുരേഷ് കുറുപ്പ് എം. എൽ.എ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, തോമസ് ചാഴികാടൻ എക്സ് എം. എൽ.എ, അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. ജെ ജോർജ്ജ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ പ്രസംഗിച്ചു. ദിനാഘോഷ പരിപാടികളോടനുബന്ധിച്ച് കർഷക ദമ്പതികളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച വൃക്ഷത്തൈ നടീൽ മത്സരത്തിൽ മോനിപ്പള്ളി ഗ്രാമത്തിൽ നിന്നുള്ള മാത്യു-ബിന്ദു ദമ്പതികൾ ഒന്നാം സ്ഥാനവും കാരിത്താസ് ഗ്രാമത്തിൽ നിന്നുള്ള തോമസ്-ഗ്രേസമ്മ ദമ്പതികൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പരിസ്ഥിതി സംരക്ഷണം മാനവ നിലനിൽപ്പിന് എന്ന വിഷയത്തിൽ നടത്തപ്പെട്ട സെമിനാറിന് റിട്ടയേർഡ് അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ കെ. കെ ശ്രീകുമാർ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട പരിസ്ഥിതി സംരക്ഷണ സന്ദേശം പകർന്നു നൽകുന്ന നിശ്ചലദൃശ്യാവിഷ്ക്കാര മത്സരത്തിൽ ഇടയ്ക്കാട്ട് മേഖല ഒന്നാം സ്ഥാനവും ഉഴവൂർ മേഖല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ, ചൈതന്യ ജീവകാരുണ്യ നിധി ചികിത്സാ സഹായ വിതരണം, വൃക്ഷത്തൈ വിതരണം എന്നിവയും ദിനാഘോഷത്തോടനുബന്ധിച്ച് ക്രമീകരിച്ചിരുന്നു.

## പിതൃദിനാഘോഷം സംഘടിപ്പിച്ചു

പിതൃത്വത്തിന്റെ മഹനീയത പകർന്ന് നൽകി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പിതൃദിനാചരണം സംഘടിപ്പിച്ചു. ചൈതന്യയിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ.എം മാണി നിർവ്വഹിച്ചു. കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. എം. ജി യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, കോട്ടയം ജില്ല പഞ്ചായത്ത് മെംബർ അഡ്വ. ഫിൽസൺ മാത്യൂസ്, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ജെ ജോർജ്, കോട്ടയം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ജലജ എസ്, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർമാരായ ബെൻ മാത്യു, റീബ ലിങ്കൺ എന്നിവർ പ്രസംഗിച്ചു. പിതൃദിനത്തോടനുബന്ധിച്ച് തുടക്കം കുറിക്കുന്ന 'പപ്പയ്ക്ക് ഒരു പപ്പായ' പദ്ധതിയുടെ ഉദ്ഘാടനം കല്ലറ പുത്തൻ ഗ്രാമത്തിൽ നിന്നുള്ള ബിജോയി ചെറിയാനും മകൻ സാവിയോ ബിജോയിക്കും പപ്പായ തൈ നൽകിക്കൊണ്ട് ധനമന്ത്രി കെ.എം മാണി നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന മത്സ്യ കൃഷി പരിശീലന പരിപാടിയുടെ ഭാഗമായുള്ള മത്സ്യ കുഞ്ഞുങ്ങളുടെ വിതരണവും നടത്തപ്പെട്ടു. ദിനാചരണത്തിന്റെ ഭാഗമായി 'പിതൃത്വത്തിന്റെ മഹത്വം ഇന്നത്തെ സമൂഹത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് ഫാ. ബിബി തറയിൽ നേതൃത്വം നൽകി. കലാപരിപാടികൾ, ഫലവൃക്ഷ തൈകളുടെ വിതരണം എന്നിവയും ക്രമീകരിച്ചിരുന്നു. കുട്ടികളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പിലെ കുട്ടികളും അവരുടെ പിതാക്കന്മാരും ദിനാചരണത്തിൽ പങ്കെടുത്തു.

## സംഘകൃഷിയിൽ വിജയഗാഥ രചിക്കുവാൻ പുരുഷ സ്വാശ്രയ സംഘങ്ങൾ

ഒളശ്ശ: കാർഷിക സംസ്ക്കാരത്തിനും കാർഷിക മേഖലയ്ക്കും അനുദിനം ഇടിവ് വന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ കൃഷിയെ ജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ച് വേറിട്ട മാതൃകയുമായി മുൻപോട്ട് വന്നിരിക്കുകയാണ് കോട്ടയം സോഷ്യൽ സർവ്വീ സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ ഒളശ്ശ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന പയസ് ടെൻത് ഗ്രൂപ്പിലെ പുരുഷ സ്വാശ്രയസംഘാംഗങ്ങൾ.

നെൽകൃഷി എന്ന മഹനീയ സംരംഭത്തിനാണ് ഇവർ കൂട്ടായി തുടക്കം കുറിച്ചിരിക്കുന്നത്. 15 പേരടങ്ങുന്ന സംഘത്തിലെ 9 അംഗങ്ങളുടെ നേതൃത്വത്തിൽ ഒളശ്ശ പരിപ്പ് നാല്തോട് പാടശേഖരത്തെ ആറര ഏക്കറോളം പാടം പാട്ടത്തിനെടുത്താണ് നെൽകൃഷി ആരംഭിച്ചിരിക്കുന്നത്. ഡി1 എന്ന നെല്ലിനമാണ് ഇവർ കൃഷിയ്ക്കായി ഉപയോഗിക്കുന്നത്. നെൽകൃഷി കൂടാതെ കപ്പ, പയർ, വെള്ളരി, വഴുതന തുടങ്ങിയവയും ഇവർ കൂട്ടായി കൃഷി ചെയ്യുന്നു. വിത്ത് വിതയ്ക്കൽ കർമ്മത്തിന് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ഒളശ്ശ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ഷിജൻ പതിയിൽ അനിമേറ്റർ സിബി അബ്രാഹം എന്നിവർ നേതൃത്വം നൽകി.

## ക്ഷീരകൃഷിയിൽ പ്രതീക്ഷയർപ്പിച്ച് ഒരു പറ്റം ക്ഷീരകർഷകർ

മേമ്മുറി: കുറുപ്പന്തറ മേമ്മുറി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സായൂജ്യ പുരുഷ സ്വാശ്രയസംഘത്തിലെ കർഷക പ്രതിനിധികളുടെ നേതൃത്വത്തിലാണ് പശുവളർത്തൽ ഫാം ആരംഭിച്ചിരിക്കുന്നത്.സായൂജ്യ ഗ്രൂപ്പിലെ ജെയിംസ് എം.കെ മൂലപ്പറമ്പിൽ, ഷിബു പോൾ മണിത്തൊട്ടിയിൽ, ബോബി ജോസഫ് നൂറോക്കരി, ബിനോയി ജോസഫ് നൂറോക്കരി എന്നീ നാല് കർഷകരാണ് ഈ ക്ഷീരോല്പാദന സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേയും ക്ഷീരവികസന വകുപ്പ് കടുത്തുരുത്തി ബ്ലോക്കിന്റേയും മാൻവെട്ടം വെറ്റിനറി സർജൻ ഡോ. ജോജി മാത്യുവിന്റേയും പ്രോത്സാഹനവും പിന്തുണയും തങ്ങളുടെ ഈ സംരംഭത്തിന് ഏറെ പ്രയോജനപ്രദമായി എന്ന് ഈ കർഷക സുഹൃത്തുക്കൾ സാക്ഷ്യപ്പെടുത്തുന്നു. ക്ഷീരവികസന വകുപ്പ് കടുത്തുരുത്തി ബ്ലോക്കിൽ നിന്നും ഇവർക്ക് ഒരു ലക്ഷത്തി നാൽപ്പതിനായിരം രൂപയോളം പശുവളർത്തലിനായി ധനസഹായം ലഭിച്ചിട്ടുണ്ട്.

കറവ മെഷീൻ ഉപയോഗിച്ച് കറന്നെടുക്കുന്ന പാൽ സ്കൂട്ടറിൽ വീടുവീടാന്തരം എത്തിച്ചാണ് ഇവർ വിപണനം നടത്തുന്നത്. പാലിന് പ്രദേശത്ത് കൂടുതൽ ആവശ്യക്കാർ ഉള്ളതിനാൽ തങ്ങളുടെ യൂണിറ്റ് കൂടുതൽ വിപുലപ്പെടുത്തുവാനുള്ള തയ്യാറെടുപ്പിലാണ് ഇവർ. നാൽപ്പത് പശുക്കൾ അടങ്ങുന്ന പശുഫാമാണ് ഇവർ സ്വപ്നം കാണുന്നത്.

## പുകയില വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു

റാന്നി: മെയ് 31 ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പുകയില വിരുദ്ധ ദിനാചരണം

സംഘടിപ്പിച്ചു. മലങ്കര മേഖലയുടെ നേതൃത്വത്തിൽ റാന്നി സെന്റ് തെരേസാസ് ചർച്ച് പാരിഷ് ഹാളിൽ മെയ് 30 നാണ് ദിനാചരണം സംഘടിപ്പിച്ചത്. പുകയില വിരുദ്ധ സമൂഹം നാടിന്റെ നന്മയ്ക്ക് എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചു. കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ അജീഷ് മോൻ ജോയി സെമിനാറിന് നേതൃത്വം നൽകി.

## ലഹരിവിരുദ്ധ ദിനാചരണം നടത്തി

ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. മലങ്കര മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഭാഗമായി മേഖലയിലെ എല്ലാ ഗ്രാമങ്ങളിലെയും വനിതാ സ്മാർട്ട് സ്വാശ്രയസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശം പകർന്നു നൽകുന്ന പോസ്റ്ററുകൾ തയ്യാറാക്കുകയും ആശുപത്രി, സ്കൂൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്തു.

## ഹൈറേഞ്ച് മേഖലയിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഹൈറേഞ്ച് മേഖലയിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു.പടമുഖം, ബൈസൺവാലി, തടിയമ്പാട് ഗ്രാമങ്ങളിലായി സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങളും ഫലവൃക്ഷ തൈകൾ നടുകയും തൈകൾ പരസ്പരം കൈമാറുകയും ചെയ്തു. ബൈസൺവാലി ഗ്രാമത്തിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണത്തിന് ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ബൈജു അച്ചിറത്തലയ്ക്കൽ നേതൃത്വം നൽകി.

## 2013-14 വാർഷിക പ്രവർത്തന റിപ്പോർട്ടിന് ഒന്നാം സ്ഥാനം ലഭിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2013-14 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന് ഒന്നാം സ്ഥാനം ലഭിച്ചു. കെ.സി.ബി.സി ജെസ്റ്റിസ് പീസ് & ഡെവലപ്പ്മെന്റ് കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിൽ നിന്നാണ് കെ.എസ്.എസ്.എസ് വാർഷിക പ്രവർത്തന റിപ്പോർട്ടിന് അംഗീകാരം ലഭിച്ചത്. കേരളത്തിലെ 28 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിൽ ഏറ്റവും മികച്ചതായിട്ടാണ് കെ.എസ്.എസ്.എസ് വാർഷിക പ്രർത്തന റിപ്പോർട്ട് തെര

ഞ്ഞെടുക്കപ്പെട്ടത്. 10,001 രൂപയും മൊമന്റോയും അടങ്ങുന്ന അവാർഡ് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ കെ.സി.ബി.സി ജെസ്റ്റിസ് പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ ചെയർമാൻ റവ. ഡോ. തോമസ് മാർ കുറിലോസ് പിതാവിൽ നിന്നും ഏറ്റു വാങ്ങി. വൈസ് ചെയർമാൻ മാർ ജോർജ്ജ് മഠത്തിൽകണ്ടത്തിൽ, കേരളാ സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ഫാ. ബിൻസ് ചേത്തലിൽ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ഏകദിന സെമിനാർ

വയനാട്: മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി അസംഘടിത വനിതകൾക്ക് ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പെരിക്കല്ലൂർ സെന്റ് തോമസ് പാരീഷ് ഹാളിൽ നടന്ന ഏകദിന സെമിനാർ പെരിക്കല്ലൂർ ഫൊറോന വികാരി റവ. ഫാ. സുനിൽ പാറയ്ക്കൽ ഉദ്ഘാടനം ചെയ്തു. മാസ് ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി മേരി ചേരിയിൽ അദ്ധ്യക്ഷയായിരുന്നു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം മുള്ളംകൊല്ലി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ദിനേശ് പീറ്റർ മഴക്കാലരോഗങ്ങളെ കുറിച്ച് ക്ലാസ് എടുത്തു. സ്ത്രീകളും നിയമ വ്യവസ്ഥയും എന്ന വിഷയത്തെ ആധാരമാക്കി പുൽപ്പള്ളി സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ അധ്യാപകൻ ശ്രീ. സ്റ്റിജി സ്റ്റീഫൻ ക്ലാസ് നയിച്ചു. സ്ത്രീകളും സമൂഹവും എന്ന വിഷയത്തെ ആധാരമാക്കി മാസ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം യു.പി. ക്ലാസ് നയിച്ചു. ആനിമേറ്റേഴ്സ്, ഫെഡറേഷൻ ലീഡേഴ്സ് എന്നിവർ നേതൃത്വം നല്കി.

## മഴവെള്ള സംഭരണി നിർമ്മാണം പുരോഗമിക്കുന്നു

കേരള ഗവൺമെന്റ് മഴ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി മാസ്സ് വെസ്റ്റ് എലേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന മഴവെള്ള സംഭരണികളുടെ നിർമ്മാണം പുരോഗമിച്ചു. ഇതിനോടകം 10,000 ലിറ്റർ സംഭരണ ശേഷിയുള്ള 100 മഴവെള്ള സംഭരണികൾ നിർമ്മിച്ചു നല്കാൻ മാസിനു കഴിഞ്ഞിട്ടുണ്ട്. 200 മഴവെള്ള സംഭരണികളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്.

## സെമിനാർ നയിച്ചു

മാസ്സ് വയനാട് ജില്ല ഹെൽത്ത് ഡിപാർട്ടുമെന്റുമായി സഹകരിച്ച് മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചു. വെള്ളമുണ്ട കക്കടവ് ലൈബ്രറിയിൽ വച്ചു നടന്ന സെമിനാർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എസ്. കാർത്തികേയൻ നയിച്ചു.

## ചെക്ക് ഡാമുകൾ നിർമ്മിച്ചു

മാസ്സ് കതിരൂർ പഞ്ചായത്തിൽ സഹായസംഘടനയായി പ്രവർത്തിക്കുന്ന ജലനിധി പദ്ധതിപ്രകാരം നാലു ചെക്കുഡാമുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

## കർക്കിടക കഞ്ഞികിറ്റ് വിതരണം ചെയ്തു

കരിത്താസ് ആയുർവേദ ആശുപത്രിയിൽ തയ്യാറാക്കിയ കർക്കിടക കഞ്ഞികിറ്റ് സംഘാംഗങ്ങൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

## കുടകൾ വിതരണം ചെയ്തു

കണ്ണൂർ: വിദ്യാജ്യോതി പഠനസഹായ പദ്ധതിയുടെ ഭാഗമായി പെരിക്കല്ലൂർ, ചങ്ങലഗിരി മേഖലകളിൽ നിന്ന് തെരഞ്ഞെടുത്ത 250 സ്കൂൾ കുട്ടികൾക്ക് കുടകൾ വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ വയനാട് കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ജോയിക്ക് നല്കി. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ശ്രീ. എബ്രാഹം യു.പി., ശ്രീമതി അഷ്ന ജോസ് എന്നിവർ പ്രസംഗിച്ചു.

## സോളാർ വിളക്ക് വിതരണവും ബോധവത്ക്കരണവും

ഗ്രാമ ജ്യോതി സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി മാസ്സ് പ്രവർത്തന മേഖലകളിൽ സോളാർ വിളക്കുകൾ വിതരണം ചെയ്തു. പ്രസ്തുത വിതരണ ഉദ്ഘാനം പൂക്കയം വികാരി ഫാ. പ്രിൻസ് മുളകുമറ്റത്തിൽ പൂക്കയം കമ്മ്യൂണിറ്റി ഹാളിൽ വച്ച് നിർവഹിച്ചു. മാസ്സ് മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ജോസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സോളാർ എനർജിയും, ഊർജ്ജസംരക്ഷണവും എന്ന വിഷയത്തിൽ ശ്രീ. അജി കെ.എസ്. ക്ലാസ് എടുത്തു. മേഖല ആനിമേറ്റേഴ്സ് പരിപാടികൾക്ക് നേതൃത്വം നല്കി.

## തേക്കിൻ തൈകൾ വിതരണം ചെയ്തു

രാജപുരം: പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്സ് 1000 നിലമ്പൂർ തേക്കിൻ തൈകൾ രാജപുരം മേഖലകളിൽ സൗജന്യ മായി വിതരണം ചെയ്തു.

## ജാതിതൈകൾ വിതരണം ചെയ്തു

മടമ്പം: മാസ്സിന്റെ പ്രകൃതി സൗഹാർദ്ദ പ്രവർത്തനങ്ങളുടെ ഭാഗമായി 1200 ജാതി തൈകൾ മടമ്പം മേഖലകളിൽ സൗജന്യമായി വിതരണം ചെയ്തു.

## ഫാർമേഴ്സ് ക്ലബ്ബുകൾ ആരംഭിച്ചു

വയനാട്: നബാർഡിന്റെ സഹായത്തോടുകൂടി മാസ്സ് വയനാട്ടിലെ വെള്ളമുണ്ടയിൽ ഫാർമേഴ്സ് ക്ലബ്ബുകൾ ആരംഭിച്ചു. ക്ലബ്ബിന്റെ പ്രവർത്ത നങ്ങൾക്കായി 9000 രൂപ മാസ്സ് നബാർഡിൽ നിന്നും ലഭ്യമാക്കും.

## സഹായം നല്കി

മാസ്സ് കാത്തലിക് ഹെൽത്ത് അസോസിയേഷന്റെ സഹായത്തോടു കൂടി പ്രവർത്തന മേഖലയിലെ 128 ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാ ഭ്യാസത്തിനും, മെഡിക്കലിനുമായി സഹായം നല്കി.

## കർഷക ശാക്തീകരണ സെമിനാർ

വയനാട്: മാസ്സ് നബാർഡിന്റെ സഹായത്തോടുകൂടി പാലിയാണ എൽ.പി. സ്കൂളിൽ വച്ച് കർഷക കുടുംബങ്ങൾക്കുവേണ്ടി ശാക്തീക രണ സെമിനാർ സംഘടിപ്പിച്ചു. വെള്ളമുണ്ട കൃഷി ഓഫീസർ ശ്രീ. കെ. മമ്മൂട്ടി സെമിനാർ നയിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. എബ്രഹാം യു.പി. പരിപാടികൾക്ക് നേതൃത്വം നല്കി.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂൺ 2015**

4 പുന്നത്തുറ ഇടവകാംഗം പരേതനായ ഫിലിപ്പ് കടിയമ്പള്ളിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

5 പയ്യാവൂർ ടൗൺ ഇടവകാംഗം പരേതനായ ജോസഫ് കപ്പുകാലായുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

6 സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് എസ്.എച്ച്. മൗണ്ടിൽ നടന്ന സന്ന്യാസിനികളുടെ മീറ്റിംഗിൽ വിശുദ്ധ ബലിയർപ്പിച്ചു.

7 വിശുദ്ധ കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് ഇടയ്ക്കാട്ടു പള്ളിയിൽ വിശുദ്ധ ബലി അർപ്പിക്കുകയും വിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തിന് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

\- ഉഴവൂർ ഇടവകാംഗം പരേതനായ ചെറിയാൻ തെരുവത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

9 ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

\- ചാമക്കാല ഇടവകാംഗം പരേതനായ അച്ചുക്കുട്ടി തെക്കേമെടത്തിപ്പറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

10 ഏറ്റുമാനൂർ ഇടവകാംഗം പരേതനായ റവ. ഫാ. കുര്യാക്കോസ് തെക്കേപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പരേതന്റെ ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

10-11 P.O.C യിൽ കൂടിയ കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

11 സീറോ മലബാർ പെർമനെന്റ് സിനഡ് മീറ്റിംഗിൽ സംബന്ധിച്ചു.

12 തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ക്രിസ്തുരാജ കത്തീഡ്രലിൽ വിശുദ്ധ ബലി അർപ്പിച്ചു.

13 ഉഴവൂർ ഇടവകാംഗം പരേതനായ ജിത്തു ജോസ് എള്ളങ്കിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

14 പേരൂർ ഇടവകാംഗം പരേതയായ മേരിക്കുട്ടി വെള്ളാപ്പള്ളി യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

\- കൈപ്പുഴ ഇടവകാംഗം പരേതനായ ജോസഫ് കാരക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

15 എസ്.എച്ച്. മൗണ്ട് മൈനർ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിക്കുകയും പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്യു കയും ചെയ്തു.

17-18 തെള്ളകം കപ്പൂച്ചിയിൻ സെമിനാരിയിൽ സിനഡൽ കമ്മീഷന്റെ സന്ദർശനം നടത്തി.

18 കാരിത്താസ് ഹോസ്പിറ്റലിൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**July 2015**

10 KCME Children's camp at Chaithanya.

11 Pastoral Council at Chaithanya.

\- Commissions meet at Chaithanya.

\- Holy Qurbana at Carlos Dayara Seminary S.H. Mount.

12 Holy Qurbana and Anniversary of Catechism Commission of the Archeparchy at Puthuvely.

14 Presbyteral Council at Chaithanya.

\- Meeting with Forane Vicar at Chaithanya.

18 Religious meet at Mariamala Monastery Puzhuthuruth.

\- Inauguration of the Archdiocesan on CML activities of the year at Arunoottimangalam.

19 Year of Consecrated life celebration of Kidangoor Forane.

\- KCYL Youth Day Celebration at Kurumulloor.

21 Silver Jubilee of promulgation of oriental Canon Law at Thiruvalla.

22-24 Visitation of Synodal Commission at Marymatha Major Seminary, Thissur.

25 Year of Consecrated Life celebration at Edacat Forane, Neerickad.

27 Holy Qurbana at SVM generalate.

31 60 th anniversary celebration of BCM College, Kottayam.

**August 2015**

1 Year of Consecrated life celebration of Kaduthuruthy Forane.

1-2 Pastoral Visit at Bisonvalley.

3 Presbyterium at Thuvanisa.

3-7 Annual retreat of priests at Thuvanisa.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂൺ 2015**

9 ബാംഗ്ലൂരിൽ നടന്ന ICYM മീറ്റിംഗിൽ പങ്കെടുത്തു.

13 KCYL മലബാർ റീജിയൻ പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

15 കണ്ണൂർ ആകാശവാണി, ശ്രീപുരം സ്കൂൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ശ്രീപുരത്തു നടന്ന കരിയർ ഗൈഡൻസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

16,17 കണ്ണൂർ ബറുമറിയത്തിൽ കൂടിയ മലബാർ റീജിയൻ വൈദിക ധ്യാനത്തിൽ പങ്കെടുത്തു.

18 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ കാറ്റക്കിസം ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

\- കാരിത്താസിൽ കൂടിയ കാരിത്താസ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

20 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ കണക്കൻ, കൈക്കാരന്മാർ, ഓഡിറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

26 ചാമക്കാല ഇടവക പരേതനായ ചാണ്ടി എടാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപന കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

28 കോട്ടയം സെന്റ് ആൻസ് സ്റ്റഡീ ഹൗസ് പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

ഓഗസ്റ്റ്

2 ചമതച്ചാൽ ഇടവക മൂരിക്കുന്നേൽ ബ്ര. ഗ്രെയിസൺന്റെ മൃത സംസ്കാരകർമ്മത്തിന്റെ സമാപനകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

3 ക്രിസ്തുരാജ കത്തീഡ്രൽ ദേവാലയത്തിലെ ദുക്റാന തിരുനാൾ വിശുദ്ധ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നല്കി.

\- കൂടല്ലൂർ ഇടവക പരേതയായ വള്ളിത്തോട്ടത്തിൽ കുഞ്ഞമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ സമാപനകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

# Engagements

## Mar Joseph Pandarasseril

**July 2015**

8 St. Anne's School Praveshanolsavom

\- KCCME Camp at Chaithanya - Holy Mass

11 Pastoral Council meeting at Chaithanya.

14 Presbyteral Council meeting at Chaithanya.

15, 16 Seminary Commission to Jeevalaya Institute of Philiosophy, Bangalore.

25 Edackat Forane Religious meet at Neerikad.

31 Blessing of new building at Lourde Matha H.School Madampam.

**August**

1 Malabar Kudiyetta Platinum Jubilee Committee at Barmariam, Kannur.

2 150th Jubilee of Neendoor Parish - Holy Mass.

3-8 Presbyterium and Priests' Retreat at Thuvanisa.

# വചനദർശനം

## ജൂലൈ 12, 2015 കൈത്താക്കാലം ഒന്നാം ഞായർ

**ലൂക്കാ. 14:7 – 14**

വി. ലൂക്കാ അറിയിച്ച സുവിശേഷത്തിലെ 14-ാം അധ്യായം തുടങ്ങുന്നത് ഈശോ ഒരു ഫരിസേയ പ്രമാണിയുടെ വീട്ടിൽ ഭക്ഷണത്തിനു പോയി എന്ന വിവരണവുമായിട്ടാണ്. ഈ വിരുന്നിന്റെ പശ്ചാത്തലത്തിലാണ് അവിടുന്ന് അതിഥിക്കും ആതിഥേയനും ചില ഉപദേശങ്ങൾ നൽകുന്നത്.

പ്രധാന കസേരയ്ക്കു വേണ്ടിയുള്ള തള്ളിക്കയറ്റം കണ്ടാണ് ഈശോ ശിഷ്യർക്ക് തീൻമേശ മര്യാദകൾ ഉപദേശിക്കുന്നത്. വിരുന്നുശാലയിൽ ഏറ്റവും പിന്നിലെ കസേരയിൽ പോയി ഇരിക്കുക എന്നതാണ് ഈശോയുടെ ഉപദേശം. മുന്നോട്ടു വിളിച്ചിരുത്തുമ്പോൾ തനിക്കു കൂടുതൽ ബഹുമാനം കിട്ടും എന്ന കപടമായ എളിമയോടെ പിന്നിൽ പോയി ഇരിക്കാനല്ല ഈശോ ഉദ്ദേശിക്കുന്നത്. ഇത്തരം കപട എളിമക്കാരെ പലയിടത്തും കാണാം. മുന്നിലേയ്ക്ക് വിളിച്ചിരുത്തിയില്ലെങ്കിൽ കെറുവിച്ചും കവിളു വീർപ്പിച്ചും നടക്കുന്നവരാണവർ. എന്നാൽ ഈശോ വിവക്ഷിക്കുന്നത് അടിസ്ഥാനപരമായ ഒരു വീക്ഷണവ്യത്യാസമാണ്. എല്ലാവരേയുംക്കാൾ ശ്രേഷ്ഠനും ആദരണീയനും സ്നേഹയോഗ്യനും താൻ തന്നെയാണ് എന്ന മനുഷ്യന്റെ സഹജമായ ധാരണയെ തിരുത്തിക്കൊണ്ട് അപരൻ തന്നെക്കാൾ ആദരണീയനാണ് എന്ന നിലപാടിലേക്കു വളരാനാണ് ഈശോ പഠിപ്പിക്കുന്നത്.

വിരുന്നുശാലകളിൽ പലപ്പോഴും മനുഷ്യന്റെ പ്രൗഢിയുടെ പ്രദർശനമാണ് നടക്കാറുള്ളത്. സ്ത്രീകൾ ഏറ്റവും വിലകൂടിയ സാരികളും കനം കൂടിയ ആഭരണങ്ങളും ധരിച്ചെത്തുന്നതും കുട്ടികൾ കണ്ണഞ്ചിപ്പിക്കുന്നതും ആധുനികവുമായ ഉടുപ്പുകൾ ധരിച്ചുവരുന്നതും പുരുഷന്മാർ ഏറ്റവും വിലകൂടിയ കാറുകളിൽ വന്നിറങ്ങുന്നതും വിരുന്നുശാലകളിൽ സ്ഥിരം കാഴ്ചയാകുന്ന ഇന്നത്തെ സമൂഹത്തോട് ക്രിസ്തു നൽകുന്ന വെല്ലുവിളിയാണ് ഈ സുവിശേഷഭാഗം. ഇല്ലാത്ത മേന്മ ഉണ്ടെന്നു നടിക്കുന്ന നമ്മോട് എളിമയുടെ പാതയിലേയ്ക്ക് കടന്നുവരുവാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവാകട്ടെ മഹത്വത്തിന്റെ മാനദണ്ഡമായി

എളിമയെ പ്രതിഷ്ഠിക്കുന്നു.

മറ്റുള്ളവർക്കു വഴിമാറിക്കൊടുക്കുന്ന, മറ്റുള്ളവർക്കുവേണ്ടി താഴ്ന്നു കൊടുക്കുന്ന ആത്മീയഭാവം എത്ര സുന്ദരമാണ്. അതാണ് ക്രിസ്തീയതയുടെ അനന്യത. ഈ തിരിച്ചറിവിൽ നിന്നും പ്രവൃത്തിതലത്തിലേക്ക് കർത്താവേ ഞങ്ങളെ നല്കണമേ എന്നു പ്രാർത്ഥിക്കാം.

ബ്ര. ജോജീഷ് ചെമ്മാന്തറ

## ജൂലൈ 19, 2015 കൈത്താക്കാലം രണ്ടാം ഞായർ

**ലൂക്കാ. 15:11-32**

"കാരുണ്യം: ജീവിതത്തിന്റെ വഴിത്താരയിൽ സ്വന്തം സഹോദരീസഹോദരന്മാരുടെ കണ്ണുകളിലേക്ക് ആത്മാർത്ഥതയോടെ നോക്കുന്ന ഏതൊരു വ്യക്തിയുടെയും ഹൃദയത്തിൽ വസിക്കുന്ന മൗലിക നിയമം. കാരുണ്യം: നമ്മൾ പാപികളായിരിക്കെ എന്നേക്കുമായി സ്നേഹിക്കപ്പെടുന്നതിന്റെ പ്രത്യാശയിലേക്ക് നമ്മുടെ ഹൃദയങ്ങളെ തുറന്നു കൊണ്ട് ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം." (കാരുണ്യത്തിന്റെ മുഖം- ഫ്രാൻസീസ് മാർപാപ്പ).

കാരുണ്യത്തിന്റെ മുഖം നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ ഒരു വർഷം അതിനായി മാറ്റിവെച്ച് ഫ്രാൻസീസ് മാർപാപ്പ നമ്മെ അതിലേക്ക് ക്ഷണിക്കുമ്പോൾ ഇന്ന് വായിച്ചുകേട്ട സുവിശേഷ ഭാഗം ഇതിന്റെ ഒരു മുന്നാസ്വാദനമാകട്ടെ. "കാരുണ്യം ധൂർത്തടിക്കുന്ന" ഒരു പിതാവിനെ നാം ഇന്ന് സുവിശേഷത്തിൽ കണ്ടുമുട്ടുകയാണ്. നാം പലപ്പോഴും കേട്ടിട്ടുള്ളത് പണം ധൂർത്തടിച്ചു, കഴിവുകൾ ധൂർത്തടിച്ചു എന്നൊക്കയാണ്. എന്നാൽ ഇപ്രകാരം കാരുണ്യം ധൂർത്തടിക്കാൻ, അല്ലെങ്കിൽ, സ്നേഹം, സത്യം, നീതി എന്നിവ ഹൃദയം തുറന്നു പങ്കുവയ്ക്കുവാൻ മടിയന്മാരാണ് നമ്മൾ. കരുണയുടെ മുഖവുമായി വഴിതെറ്റിയ ആടിനെ സ്വന്തമാക്കിയവനും, കാണാതായ നാണയം കണ്ടെത്തിയവനുമായ ഈശോയെ നമ്മുടെ കരുണയുടെ ഭാവതലങ്ങളെ വിശുദ്ധീകരിക്കുന്നുണ്ടെന്ന് ചിന്തിക്കാൻ നമുക്കാവട്ടെ. ചുങ്കക്കാരോടും പാപികളോടും ദൈവം കാണിക്കുന്ന അനുകമ്പയും സ്നേഹവുമെല്ലാം അവരോടുള്ള കാരുണ്യത്തിന്റെ പ്രതിഫലനമാണെന്ന് വ്യക്തമാക്കാനായിരുന്നു ഈശോ ഈ ഉപമയിലൂടെ ശ്രമിച്ചത്.

പിതാവിന്റെ നഷ്ടപ്പെട്ട പുത്രൻ സ്നേഹവാസത്തിൽ നിന്ന് ഓടിയകന്നവനാണ്. പിതാവിന്റെ സാന്നിധ്യം തന്റെ സ്വതന്ത്രമായ ജീവിതത്തിനു വിഘ്നമാണെന്ന് ചിന്തിച്ചിടത്താണ് ഈ പുത്രന്റെ പരാജയം ആരംഭി

ക്കുന്നത്. ഒടുവിൽ സമ്പത്തു നഷ്ടമായി, സ്നേഹിതർ ഉപേക്ഷിച്ചപ്പോൾ പിതാവിനോട് തെറ്റ് ഏറ്റുപറയാൻ തീരുമാനിച്ചവൻ. കാത്തിരുന്ന പിതാവിന്റെ സ്നേഹവായ്പിലേക്ക് മകൻ തിരികെവരുമ്പോൾ ഉണ്ടാകുന്ന സ്നേഹ പ്രകടനങ്ങൾ നമ്മെ ചൂണ്ടിക്കാണിക്കുന്നത് പിതാവിന്റെ ഹൃദയാർദ്രതയാണ്.

ഇത്തരത്തിൽ കരുണയുടെ മുഖവുമായി കുടുംബത്തിലും കൂടപ്പിറപ്പുകൾക്കിടയിലും സമൂഹത്തിലും സഹോദരങ്ങളോടും വർത്തിക്കാൻ നമുക്കും സാധിക്കണം.

ഒപ്പം, നമ്മുടെ തിരിച്ചുവരവ് പിതാവ് ആഗ്രഹിക്കുന്നുണ്ടെന്ന ഉറച്ച വിശ്വാസത്തിൽ കുമ്പസാരമെന്ന കൂദാശയിലൂടെ പിതാവിന്റെ 'കരുണയുടെ മുഖം' കണ്ടുമുട്ടുവാനും നമുക്ക് സാധിക്കട്ടെ. കാരണം "ദൈവത്തിന്റെ കാരുണ്യം ഒരിക്കലും അവസാനിക്കുന്നില്ല. അതിനെ ചൂഴ്ന്നു നിൽക്കുന്ന രഹസ്യത്തിന്റെ ആഴം, അതിൽ നിന്നു പുറപ്പെടുന്ന സമ്പന്നതപോലെ, അക്ഷയമാണ്".

ബ്ര. മാത്തുക്കുട്ടി, കുളക്കാട്ടുകുടിയിൽ

## ജൂലൈ 26, 2015 കൈത്താക്കാലം മൂന്നാം ഞായർ

**യോഹ 9:1-12, 35-38**

കാരണങ്ങൾ തേടി പിന്നോട്ട് പോകുന്ന ജനങ്ങളേയും, മുന്നിലെ പ്രശ്നങ്ങൾക്ക് പ്രത്യുത്തരങ്ങൾ നൽകുന്ന കർത്താവിനേയും ഇന്നത്തെ സുവിശേഷത്തിൽ ദൃശ്യമാണ്. കാഴ്ചയുടെ വിവിധ തലങ്ങൾ സുവിശേഷകൻ അവതരിപ്പിക്കുന്നു. ജന്മനാ അന്ധനായവന് മുന്നിൽ ഇരുട്ടാണ്. കാഴ്ചയുള്ള ജനക്കൂട്ടത്തിന്റെ കണ്ണുകളിൽ സഹാനുഭൂതിയുടെ വെളിച്ചത്തിനപ്പുറം കാരണങ്ങൾ തേടുന്ന വിമർശകന്റെ ക്രൂരതയുണ്ട്. എന്നാൽ കർത്താവ് കണ്ടത് അവന്റെ കണ്ണുകളിലെ വേദനയാണ്. കർത്താവിന്റെ നോട്ടത്തിൽ ചില സാന്ത്വനങ്ങളുണ്ട്. ചില സുഖപ്പെടുത്തലുകളുമുണ്ട്, ആശ്വാസങ്ങളുമുണ്ട്.

ഗുരുവിന്റെ കണ്ണുകളും കാഴ്ചപ്പാടുകളും സ്വന്തമാക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ. ക്രിസ്തുവിന്റെ ശിഷ്യനാണെങ്കിൽ എനിക്കും ആവശ്യം ഈ കരുണയുടെയും സാന്ത്വനത്തിന്റെയും നോട്ടങ്ങളാണ്.

ആത്മീയ അന്ധത നിറഞ്ഞ കണ്ണുകൾ തുറക്കാൻ ആഗ്രഹിക്കുന്ന

വൻ, ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിലേക്ക് നോക്കട്ടെ. എന്നിലെ അന്ധതകൾ തമ്പുരാന്റെ ഇടപെടലിന് വഴിയൊരുക്കിയേക്കാം. അവസ്ഥയെ ധീരമായി, വിശ്വാസത്തിന്റെ വെളിച്ചത്തിൽ നിർജീവമാക്കാൻ സാധിക്കണം. ജോബിന്റെ സഹനത്തിൽ പാപത്തിന്റെ കരങ്ങൾ കണ്ടെത്തിയവർക്ക് തെറ്റി. അന്യരുടെ സഹനങ്ങളും പാപവും കൂട്ടിച്ചേർത്ത് വായിക്കാൻ ശ്രമിച്ചാൽ നമുക്കും തെറ്റുപറ്റാം.

ഇരുട്ടിൽ വെളിച്ചം തന്നവനെ തിരിച്ചറിയാതെ പോകരുത്. ജീവിതവും, ജീവിക്കാനുള്ളതും തന്ന ദൈവത്തെ, മറക്കുന്നവന് യഥാർത്ഥ കാഴ്ച ഉണ്ടാവുമോ? ജീവിതത്തിൽ ചില നേർക്കാഴ്ചകൾ തന്ന സഹമനുഷ്യരെ കാണാൻ സാധിക്കാത്തവർക്ക് നഷ്ടമാകുന്നത് കാഴ്ച തന്നവന്റെ കരുണയാണ്.

എനിക്കാവശ്യം അപരന്റെ വിശപ്പും, കണ്ണുനീരും, നൊമ്പരങ്ങളും കാണാൻ കഴിയുന്ന ഉൾക്കാഴ്ചയുള്ള കണ്ണുകളാണ്. മറിച്ച്, ഇരയുടെ ശരീരത്തിൽ സ്വന്തം വിശപ്പ് കാണുന്ന കഴുകന്റെ കണ്ണുകളല്ല. അത് ക്രിസ്തുശിഷ്യന്റെ ശൈലിയല്ല.

ബ്ര. സിറിയക് ഓട്ടപ്പള്ളി

# വാർത്തകൾ

## മാർപാപ്പയുടെ ചാക്രികലേഖനത്തിന് ലോകവ്യാപകമായ സ്വീകാര്യത

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പയുടെ രണ്ടാമത്തെ ചാക്രികലേഖനമായ "ലൗദാത്തോ സീ" യ്ക്ക് ലോകമെങ്ങും സ്വീകാര്യത ലഭിക്കുന്നു. ആഗോളതാപനം, മലിനീകരണം, വംശനാശം, അസമത്വം, പ്രകൃതി വിഭവങ്ങളുടെ വിനിയോഗത്തിലുള്ള പക്ഷപാതം എന്നിങ്ങനെ വിവിധ വിഷയങ്ങളെക്കുറിച്ച് മാർപാപ്പ തന്റെ 184 പേജുള്ള ഈ ചാക്രികലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം ഭ്രൂണഹത്യ, ജനസംഖ്യാ നിയന്ത്രണം, ലിംഗമാറ്റം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ വീക്ഷണവും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

## മനുഷ്യരെ കൊന്നൊടുക്കാൻ ഖുറാനിലെവിടെയും പറയുന്നില്ല: മുസ്ലീം മതനേതാക്കൾ

ലെബനൻ: മനുഷ്യരെ കൊന്നൊടുക്കാൻ ഖുറാനിലെവിടെയും പറയുന്നില്ലെന്നും ദൈവത്തിന്റെ പേരിലുള്ള ഇത്തരം ആക്രമണങ്ങളെ അംഗീകരിക്കാനാവില്ലെന്നും ലെബനനിലെ മുസ്ലീം മതനേതാക്കൾ പ്രസ്താവിച്ചു. സുന്നി, ഷിയാ, ഡ്രൂസ്, അലവൈറ്റ് സമുദായങ്ങളിലെ മതനേതാക്കളാണ് സംയുക്ത പ്രസ്താവന പ്രസിദ്ധീകരിച്ചത്. ക്രിസ്ത്യാനികൾക്കും മുസ്ലീം ന്യൂനപക്ഷ സമൂഹങ്ങൾക്കുമെതിരെ നടക്കുന്ന ഇത്തരം ആക്രമണങ്ങളിൽ തകർക്കപ്പെടുന്ന വീടുകൾ, ആരാധനാലയങ്ങൾ, ഗ്രാമങ്ങൾ എന്നിവയെല്ലാം സംരക്ഷിക്കപ്പെടണമെന്നും മതങ്ങൾ തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കാൻ സമുദായ നേതാക്കൽ മുൻകൈയെടുക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. ഇത്തരം വിഭാഗീയ പ്രവർത്തനങ്ങൾ മനുഷ്യത്വത്തിനെതിരാണെന്ന് നേതാക്കൾ കൂട്ടിച്ചേർത്തു.

ഇസ്ലാമിക് സ്റ്റേറ്റ് അഴിച്ചുവിട്ടിരിക്കുന്ന ആക്രമണങ്ങളിൽ എല്ലാം നഷ്ടപ്പെട്ട് ബാക്കി ലഭിച്ച ജീവനുംകൊണ്ട് നിരവധി ആളുകളാണ് സിറിയയിൽ നിന്നും മറ്റും ലെബനനിലേയ്ക്ക് അഭയാർത്ഥികളായി എത്തിക്കൊണ്ടിരിക്കുന്നത്.

## ആഡംബര വിവാഹം: വനിതാ കമ്മീഷൻ നിലപാടിനെ അനുകൂലിച്ച് കെ.സി.ബി.സി.

കൊച്ചി: വിവാഹത്തിന് പെൺമക്കളെ പൊന്നുകൊണ്ട് മൂടുന്ന പ്രവണത അവസാനിപ്പിക്കണമെന്ന് കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ. ആഡംബര വിവാഹങ്ങൾക്കെതിരെ വനിതാകമ്മീഷൻ സ്വീകരിച്ച നിലപാടിനെ അനുകൂലിച്ചുകൊണ്ട് പുറത്തിറക്കിയ പ്രസ്താവനയിലാണ് കെ.സി.ബി.സി. ഇക്കാര്യം ആഹ്വാനം ചെയ്തത്. വിവാഹത്തിന് പെൺകുട്ടികൾ പത്തു പവനിൽ അധികം ധരിക്കരുതെന്നാണ് വനിതാ കമ്മീഷൻ നിലപാട്. എന്നാൽ കത്തോലിക്കാ പെൺകുട്ടികൾ പത്തു പവനിൽ താഴെയാണ് ധരിക്കുന്നതെങ്കിലും കുഴപ്പമില്ല എന്ന് കെസി.ബി.സി. ഓർമ്മിപ്പിച്ചു.